# 01
# സഭാവിജ്ഞാനീയം: ഒരാമുഖം

സഭയെക്കുറിച്ചുള്ള പഠനമാണ് സഭാവിജ്ഞാനീയം. സഭ എന്താണെന്നും അത് എങ്ങനെ ആയിരിക്കണമെന്നും, അത് എങ്ങനെയൊക്കെ ആയിരുന്നുവെന്നും അറിയാനുള്ള ശ്രമമാണ് സഭാവിജ്ഞാനീയ പഠനം. "ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും" (അപ്പ. പ്രവ: 1,8) എന്ന ലക്ഷ്യത്തോടെ ഈശോ സ്ഥാപിച്ച സഭയെ - നമ്മുടെ അമ്മയെ അടുത്തറിയുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം. സഭാതനയരുടെ ഏറ്റവും വലിയ കടമകളിലൊന്നാണ് സ്വന്തം അമ്മയായ സഭയെ അറിയുക എന്നത്. 'അമ്മയായ' സഭയെക്കുറിച്ച് കൂടുതൽ അറിയുന്നത് അവളെ കൂടുതൽ സ്നേഹിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട സഭാ തനയരായി ജീവിക്കുന്നതിനും അതുവഴി 'എനിക്കു സാക്ഷികളാകണമെന്ന' ഈശോയുടെ ആഗ്രഹത്തെ നിറവേറ്റുന്നതിനും നമ്മെ സഹായിക്കും.

20-ാം നൂറ്റാണ്ടിന്റെ സവിശേഷശ്രദ്ധ പതിഞ്ഞ വിഷയങ്ങളിലൊന്നാണ് സഭാവിജ്ഞാനീയം. എക്യുമെനിക്കൽ പ്രസ്ഥാനങ്ങളും ലോകസഭാ കൗൺസിലും, രണ്ടാം വത്തിക്കാൻ കൗൺസിലും സഭയെക്കുറിച്ച് ചിന്തിക്കാനും പഠിക്കാനും ശക്തമായി പ്രേരിപ്പിച്ചതുവഴി 20-ാം നൂറ്റാണ്ട് 'സഭയുടെ നൂറ്റാണ്ട്' എന്നുകൂടി വിശേഷിപ്പിക്കപ്പെടുന്നുണ്ട്. അധികാരത്തിന്റെയും സമ്പത്തിന്റെയും പിടിയിലമർന്നിരിക്കുന്ന ഒരു ചിന്താധാരയിൽ നിന്നും ഉറവിടങ്ങളിലേക്ക് - വി. ഗ്രന്ഥത്തിലേക്കും വി. പാരമ്പര്യങ്ങളിലേക്കും - മടങ്ങിച്ചെന്നുകൊണ്ടുള്ള ഒരു സഭാവിജ്ഞാനീയ നിർമ്മിതി സഭയുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ കണ്ടെത്തിയതോടെയാണ് ഈ വിജ്ഞാനശാഖ ഇത്രയധികം ശ്രദ്ധിക്കപ്പെട്ടുതുടങ്ങി



*Published for the use of the students of Alpha Institute of Theology and Science*

യത്. കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെ വായിച്ചു മനസ്സിലാക്കി കൊണ്ട് അധികാരത്തെ ശുശ്രൂഷയുടെ ശൈലിയായി സ്വീകരിച്ചു കൊണ്ട് സഭയ്ക്ക് അകത്തും പുറത്തുമുള്ള നവീകരണ സംരംഭങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം കൊടുത്തുകൊണ്ട് കൂടുതൽ ഫലപ്രദമായരീതിയിൽ സുവിശേഷം പ്രഘോഷിക്കാനും ജീവിക്കാനും സഭയെയും സഭാതനയരെയും പ്രാപ്തരാക്കുക എന്നതാണ് സഭാവിജ്ഞാനീയ പഠനത്തിന്റെ ലക്ഷ്യം.

**മൂലാർത്ഥം**

ഇംഗ്ലീഷിലെ എക്ലേസിയോളജി (Ecclesiology) എന്ന പദമാണ് സഭാവിജ്ഞാനീയം എന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത്. 'എക്ലേസിയ' (Ecclesia) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് എക്ലേസിയോളജി എന്ന വാക്കിന്റെ ഉത്ഭവം (ek = out + kalein = to call- വിളിച്ചുചേർക്കുക). ഇംഗ്ലീഷിൽ സഭയെ സൂചിപ്പിക്കാനായി ഉപയോഗിച്ചിരിക്കുന്നത് ചർച്ച് (Church) എന്ന പദമാണ്. ദൈവത്തിന്റേത് എന്നർത്ഥമുള്ള കീറിയോസ് (Kyrios) എന്ന പദത്തിൽ നിന്നാണ് ചർച്ച് (Church) ഉത്ഭവിച്ചിരിക്കുന്നത്. കർത്താവിന്റെ കുടുംബാംഗങ്ങൾ, കർത്താവിന്റെ ജനം എന്നൊക്കെ അർത്ഥമുള്ള Kirche (ജർമ്മൻ), Kyrke (സ്വീഡിഷ്), Kerk (ഡച്ച്), Carkor (സ്ലാചിക്) എന്നീ പദങ്ങൾ കീരിയോസ് എന്ന ഗ്രീക്ക്പദത്തിൽ നിന്ന് ഉത്ഭവിച്ച പദങ്ങളാണ്.

**1. സഭാവിജ്ഞാനീയ ആശയങ്ങൾ പഴയനിയമത്തിൽ**

എക്ലേസിയ എന്ന ഗ്രീക്കുപദം ആദ്യമായി ഉപയോഗിച്ചത് വി. ഗ്രന്ഥത്തിന്റെ സപ്തതി (Lxx) വിവർത്തനത്തിലാണ്. 'ദൈവത്താൽ വിളിച്ചുകൂട്ടപ്പെട്ട' എന്നർത്ഥമുള്ള കഹാൽ (Qhal) എന്ന ഹീബ്രുപദത്തെ സൂചിപ്പിക്കാനാണ് ഈ പദം ഉപയോഗിച്ചത്. 'വിളിച്ചുചേർക്കപ്പെട്ട' എന്നർത്ഥമുള്ള കഹാൽ (Qhal) എന്ന പദത്തിനെ സൂചിപ്പിക്കാനായി ഗ്രീക്കു വിവർത്തകൻ എക്ലേസിയ (Ecclesia) എന്ന വാക്കുപയോഗിച്ചപ്പോൾ ഒരു പ്രത്യേക വ്യക്തിയാൽ വിളിച്ചുചേർക്കപ്പെട്ട ഒരു സമൂഹം എന്ന അർത്ഥം ഇതിന് കൈവന്നു. ഈ അർത്ഥത്തിന് മൂന്ന് തലങ്ങൾ കണ്ടെത്താനാകും.

1. ഇസ്രായേൽ ജനത്തെ വിളിച്ചുകൂട്ടിയത് ദൈവമാണ്. അതുകൊണ്ട് ഇസ്രായേൽ 'ദൈവജനം' (Kahal YHWH-People of God) എന്നറിയപ്പെടണം.
2. ഇസ്രായേലിനെ ഒരു ജനതയായി ദൈവം വിളിച്ചുകൂട്ടിയത് ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടിയാണ്. ഈ ലക്ഷ്യം ദൈവത്താൽ സ്ഥാപിതമായതിനാൽ ഈ ലക്ഷ്യം നേടുന്നതിനായി ഇസ്രായേൽ പരിശ്രമിക്കണം.
3. ഇസ്രായേലിനെ ദൈവം വിളിച്ചുകൂട്ടി ഒന്നിപ്പിച്ചത് പല 'ഇടങ്ങളിൽ'നിന്നുമാണ് (calling from). പലയിടങ്ങളിൽനിന്നും ഒന്നിച്ചു കെട്ടപ്പെട്ടവർ ഒന്നായി ദൈവത്തോട് ചേർന്ന് നിൽക്കണം.





**സുവിശേഷങ്ങളിലെ സഭാവിജ്ഞാനീയ ആശയങ്ങൾ**

അധികാരത്തെ ശുശ്രൂഷയ്ക്കുവേണ്ടി വിനിയോഗിക്കുന്ന ശിഷ്യന്മാരുടെ ഒരു സമൂഹത്തെയാണ് സഭ എന്ന പദംകൊണ്ട് വി. മർക്കോസ് ഉദ്ദേശിക്കുന്നത്. ഈശോയുടെ കുരിശുമരണത്തോടെ ചിതറിക്കപ്പെട്ട ജനസമൂഹം ഉത്ഥാനത്തോടെ വീണ്ടും ഒന്നിച്ചു ചേർക്കപ്പെടുകയും മറ്റു ജനതകളോട് സുവിശേഷം പ്രഘോഷിക്കുന്ന ഒരു മിഷനറി സമൂഹമായി മാറുകയും ചെയ്തു (മാർക്കോ. 13,10). സുവിശേഷത്തിന്റെ ആരംഭത്തിൽ തന്നെ ഈശോ ആദ്യ ശിഷ്യന്മാരെ വിളിക്കുന്നു (മാർക്കോ. 1,16,20). പിന്നീട് 12 പേരെ പ്രത്യേകം തിരഞ്ഞെടുക്കുകയും അവർക്ക് 'അപ്പസ്തോലർ' എന്ന പേരു നൽകുകയും ഇവരിൽ നിന്നും പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം ഉൾപ്പെടുത്തി വീണ്ടും ഒരു പ്രത്യേക സമൂഹത്തെ രൂപീകരിക്കുകയും, ശിഷ്യത്വത്തെക്കുറിച്ചും അധികാരത്തെ സേവനത്തിനായി വിനിയോഗിക്കേണ്ടതിനെക്കുറിച്ചുമുള്ള പ്രബോധനങ്ങൾ നൽകിക്കൊണ്ട് ഒരു സമൂഹമെന്ന നിലയിൽ ഒന്നിച്ചു പോകാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഈ സമൂഹത്തെയാണ് സഭ എന്ന പ്രയോഗത്തിലൂടെ വി. മർക്കോസ് വിവക്ഷിക്കുന്നത്.

അൽപംകൂടി വളർച്ച നേടിയ സഭാവിജ്ഞാനീയ ചിന്തകളാണ് വി. മത്തായി അവതരിപ്പിക്കുന്നത്. മലമുകളിലെ പ്രസംഗം, ശിഷ്യത്വത്തെക്കുറിച്ചുള്ള പ്രഭാഷണം, ഉപമകളിലൂടെയുള്ള പ്രബോധനങ്ങൾ (മത്താ. 13) സഭാത്മക ജീവിതത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ (മത്താ. 18) യുഗാന്ത്യോന്മുഖ പ്രഭാഷണങ്ങൾ എന്നിവയിലൂടെ നീളുന്ന പ്രഭാഷണ പരമ്പരയിലൂടെയാണ് വി. മത്തായി സഭയുടെ ഘടന, നിയമങ്ങൾ മുതലായവ വിവരിക്കുന്നത്. മിശിഹ ആയി അവതരിച്ച ഈശോയുടെ പ്രബോധനങ്ങൾ ശ്രവിച്ച് അവയെ ജീവിതത്തിൽ പകർത്തുന്ന സമൂഹമായ സഭയെ മലയിലെ പ്രസംഗത്തിലൂടെ വിശുദ്ധ മത്തായി അവതരിപ്പിക്കുന്നു. സഭയുടെ ഒരു

സമൂഹമെന്ന നിലയിൽ സഭയിലെ എല്ലാ കാര്യങ്ങളും ശുഭമായിരിക്കില്ല എന്ന ചിന്തയാണ് കളകളുടെ ഉപമ (മത്താ. 13) കടലിലെറിയപ്പെട്ട വലയുടെ ഉപമ എന്നിവയിലൂടെ മത്തായി നൽകുന്നത്, സഭാംഗങ്ങൾക്ക് വീഴ്ചകൾ വരാം, വ്യക്തിപരമായി തിരുത്തണം, കുറവുകൾ കണ്ടാൽ സഭയോട് പറയണം, സഭയുടെ നിർദ്ദേശങ്ങൾ അനുസരിക്കണം, പാപങ്ങൾ ബന്ധിക്കാനും മോചിക്കാനും സഭയ്ക്ക് അധികാരമുണ്ട് തുടങ്ങിയ സഭാസമൂഹത്തിന്റെ ശിക്ഷണവശങ്ങളിലേക്കുപോലും വി. മത്തായി വെളിച്ചം വീശുന്നു. മണവാളനെ കാത്തിരിക്കുന്ന കന്യകമാരെപ്പോലെ, യജമാനനെ കാത്തിരിക്കുന്ന വിശ്വസ്തനായ ഭൃത്യനെപ്പോലെ സഭ എപ്പോഴും ശ്രദ്ധാലുവായിരിക്കണമെന്ന് യുഗാന്ത്യോന്മുഖ പ്രഭാഷണങ്ങളിലൂടെ വി. മത്തായി ചൂണ്ടിക്കാണിക്കുന്നു. ഇപ്പോൾ ഇസ്രായേലിന്റെ തുടർച്ചയും മിശിഹായാൽ സ്ഥാപിതവും സ്വഭാവത്താൽ മിഷനറിയും വ്യക്തമായ നിയമ വ്യവസ്ഥകളോടും കൂടി ശുശ്രൂഷയിൽ ആഴപ്പെട്ടുവളരുന്നതുമായ ഒരു സമൂഹത്തെയാണ് വി. മത്തായി സഭയിലൂടെ വിഭാവനം ചെയ്യുന്നത്.

സഭയുടെ സാർവ്വദേശീയ മാനത്തെക്കുറിച്ചാണ് വി. ലൂക്കാ വിവരിക്കുന്നത്. ലോകരക്ഷകനായ ഈശോയുടെ വചനത്തിൽ ആകൃഷ്ടരായി വിജാതീയർ സഭയിൽ വന്നുചേരുന്നതിന് ലൂക്കാ വലിയ ഊന്നൽ കൊടുക്കുന്നുണ്ട്. അപ്പസ്തോല പ്രവർത്തനങ്ങളുടെ ഒന്നാംഭാഗമായ സുവിശേഷത്തിൽ സഭയുടെ വിജാതീയരിലേക്കുള്ള വളർച്ച, ഈശോയുടെ നസ്രത്തിലെ വാസം, ആദം വരെയെത്തിനിൽക്കുന്ന വംശാവലി. ശിമയോന്റെ പ്രവചനം (ഈശോ വിജാതീയരുടെ പ്രകാശം, ലൂക്ക 2,21) സമരിയാക്കാർ, വിജാതീയർ, പാപികൾ, വിജാതീയനായ ശതാധിപൻ, സിറിയാക്കാരനായ നാമാൻ, സ്റെപ്തായിലെ വിധവ എന്നിവർക്ക് ഈശോ കൊടുക്കുന്ന പരിഗണന, നസ്രത്തിലെ അത്ഭുതങ്ങൾ, സുവിശേഷ പ്രഘോഷണത്തിനായി 70 പേരെ അയയ്ക്കൽ തുടങ്ങിയവയിലൂടെ സഭയുടെ സാർവ്വദേശീയ മാനത്തെ ലൂക്കാ വ്യക്തമായി അവതരിപ്പിക്കുന്നു. വിജാതീയരിലേക്ക് കടന്നുചെന്ന സഭ എപ്രകാരം പരിശുദ്ധാത്മാവിന്റെ പ്രേരണകൾക്കനുസരിച്ച് പടർന്നു പന്തലിച്ചുവെന്ന് അപ്പസ്തോല പ്രവർത്തനങ്ങളിൽ ലൂക്കാ വിവരിക്കുന്നു.

ക്രിസ്തു വിജ്ഞാനീയത്തിന് ഊന്നൽ കൊടുത്തിട്ടുള്ള യോഹന്നാനും സഭയേക്കുറിച്ചുള്ള ചില ദർശനങ്ങൾ ചർച്ചചെയ്യുന്നുണ്ട്. മനോഹരമായ പ്രതീകങ്ങളിലൂടെയാണ് യോഹന്നാൻ സഭയെ അവതരിപ്പിക്കുന്നത്. ഇടയനും ആടുകളും, മുന്തിരിച്ചെടിയും ശാഖകളും, ഈശോയും സഭാതനയരും തമ്മിലുണ്ടാകേണ്ട ആത്മബന്ധത്തിന്റെ ആഴത്തെ വ്യക്തിബന്ധത്തിന്റെ തീവ്രതയെ യോഹന്നാൻ ഇവയിലൂടെ സൂചിപ്പിക്കുന്നു.

**അപ്പസ്തോല പ്രവർത്തനങ്ങളിലെ സഭ**

സുവിശേഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വ്യക്തവും വിശദവുമായൊരു സഭാവിജ്ഞാനീയമാണ് അപ്പസ്തോല പ്രവർത്തനങ്ങൾ നല്കുന്നത്. എക്ലേസിയ (സഭ) എന്ന പദം 23 തവണ അപ്പസ്തോല പ്രവർത്തനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. സഭ എന്നപദം കൂടാതെ മറ്റനേകം സംജ്ഞകളും ലൂക്കാ സഭയെ കുറിക്കാനായി ഉപയോഗിച്ചിട്ടുണ്ട്. ഉദാ: സഹോദരങ്ങൾ, വിശുദ്ധർ, ക്രിസ്ത്യാനികൾ, വിശ്വസിച്ചവർ, മാർഗ്ഗം, ശിഷ്യർ... പന്തക്കുസ്താനാളിൽ ഉദ്ഘാടനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിന്റെ സൃഷ്ടിയായിട്ടാണ് വി. ലൂക്കാ സഭയെ അവതരിപ്പിക്കുന്നത്. ആദ്യ അധ്യായങ്ങളിൽ സഭ എന്ന പദത്തിലൂടെ, വിശ്വസിച്ച് സ്നാനം സ്വീകരിച്ച ഇസ്രായേൽക്കാരെ സൂചിപ്പിക്കുന്ന ലൂക്കാ പിന്നീടത് ഇസ്രായേലിൽനിന്നും വേർതിരിക്കപ്പെട്ട ഒരു സമൂഹമെന്ന നിലയിൽ ആദിമസഭയെ ഒന്നിപ്പിച്ചു നിർത്തിയ 4 ഘടകങ്ങളെ ചൂണ്ടിക്കാണിക്കുന്നുമുണ്ട്. അപ്പസ്തോലന്മാരുടെ പ്രബോധനം (Didascalia), അപ്പം മുറിക്കൽ (Eucharistia), പ്രാർത്ഥന (Eulogia), കൂട്ടായ്മ (Koinonia) എന്നിവയാണവ. യേശുവിന്റെ ജീവിതത്തിന്റെ ദൃക്സാക്ഷികളായിരുന്ന 12 ശിഷ്യന്മാരായിരുന്നു സഭാസമൂഹത്തിന്റെ നെടുംതൂണുകൾ. സഭയിലെ അംഗങ്ങളുടെ എണ്ണം വർദ്ധിക്കുകയും അപ്പസ്തോലന്മാർക്ക് വചനപ്രഘോഷണത്തിൽ മുഴുവൻ സമയവും ചിലവഴിക്കേണ്ടിവരികയും ചെയ്തപ്പോൾ സഭാസമൂഹത്തിന്റെ സംഘടനാപരമായ പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം സർവ്വസമ്മതരായി ഏഴുഡീക്കന്മാരെ തിരഞ്ഞെടുത്ത് കൈവയ്പ്മൂലം അവരെ ദൗത്യം ഭരമേൽപ്പിക്കുകയും ചെയ്തു. സഭാസമൂഹങ്ങൾ ജറുസലേമിനു പുറത്തേക്ക് വ്യാപിച്ചതോടെ പ്രാദേശിക സഭകൾ എന്ന ഒരു സംജ്ഞകൂടി അപ്പസ്തോല നടപടികളിൽ കാണാം. അന്തോക്യായിലെ സഭ, കേസറിയായിലെ സഭ, എഫേസൂസിലെ സഭ എന്നിങ്ങനെ ചില പ്രാദേശിക സഭകളെക്കുറിച്ചും അവയ്ക്കിടയിൽ ജറുസലേമിനുണ്ടായിരുന്ന കേന്ദ്രസ്ഥാനത്തെക്കുറിച്ചും ലൂക്കാ വിവരിക്കുന്നു.

**വി. പൗലോസിന്റെ ലേഖനങ്ങളിൽ**

സഭാവിജ്ഞാനീയം ഒരു ദൈവശാസ്ത്രശാഖ എന്നരീതിയിൽ ഏറ്റവും പുരോഗതി പ്രാപിച്ചിരിക്കുന്നത് വി. പൗലോസിന്റെ ലേഖ


സഭാവിജ്ഞാനീയം

### വി. പത്രോസിന്റെ ലേഖനങ്ങളിൽ

എക്ലേസിയ (സഭ) എന്ന പദത്തിനു പകരം ദൈവജനം എന്ന വാക്കാണ് പത്രോസ് ഉപയോഗിക്കുന്നത്. നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ് (1 പത്രോസ് 2,9). ഈ ഒറ്റവാക്യത്തിൽ പത്രോസിന്റെ സഭാവിജ്ഞാനീയത്തിന്റെ സമഗ്രത നമുക്ക് ദർശിക്കാനാകും. ക്രിസ്തുവിന്റെ രക്തത്താൽ വിമോചിക്കപ്പെട്ടവരുടെ ഗണമായ സഭയിലെ (1 പത്രോസ് 9,19) എല്ലാ അംഗങ്ങളും മൂലക്കല്ലായ ക്രിസ്തുവിനോട് ചേർന്ന് ആധ്യാത്മിക സൗധം പണിയുന്നതിനായുള്ള ശിലകളായി വർത്തിക്കണം. ഈയൊരു പ്രബോധനമാണ് തന്റെ ലേഖനത്തിലൂടെ വി. പത്രോസ് നല്കുന്നത്.

### വെളിപാടു പുസ്തകത്തിലെ സഭാവിജ്ഞാനീയ ദർശനങ്ങൾ

അപ്പോക്കല്പ്റ്റിക് ശൈലിയിൽ വിരചിതമായ വെളിപാടുഗ്രന്ഥം അതിന്റെ ആശയങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ഏഴു സഭകൾക്കുള്ള കത്തുകളാണ്. സഭകളുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും അവ എത്തിപ്പിടിക്കേണ്ട ലക്ഷ്യങ്ങളെക്കുറിച്ചും അതിനു സാധിക്കാതെവന്നാൽ അനുഭവിക്കേണ്ടിവരുന്ന ശിക്ഷകളെക്കുറിച്ചും ആദ്യ അദ്ധ്യായങ്ങൾ പ്രതിപാദിക്കുന്നു. തുടർന്നുവരുന്ന അധ്യായങ്ങൾ സഭയുടെ രണ്ട് സാർവ്വത്രിക മാനങ്ങളെയാണ് വിശദീകരിക്കുന്നത്. 1) തിന്മയുടെ ശക്തികളുമായുള്ള സഭയുടെ നിരന്തര സമരം. 2) തിന്മയ്ക്കുമേൽ സഭ നേടുന്ന അന്തിമവിജയം. സഭയെ വിശുദ്ധ നഗരമെന്നും, പുതിയ ജറുസലേമെന്നും യോഹന്നാൻ വെളിപാട് പുസ്തകത്തിൽ വിളിക്കുന്നുണ്ട്.

സമഗ്രവും സമ്പൂർണ്ണവുമായ ഒരു സഭാവിജ്ഞാനീയ ദർശനം പുതിയനിയമ പുസ്തകങ്ങളിൽ കാണുന്നില്ലെങ്കിലും ഇവയെല്ലാം കൂട്ടിച്ചേർത്തുവയ്ക്കുമ്പോൾ, ധ്യാനപൂർവ്വം അവയിലൂടെ കടന്നുപോകുമ്പോൾ സഭാവിജ്ഞാനീയത്തിന്റെ സമഗ്രത ഇവയിൽ നമുക്ക് ദർശിക്കാനാകും.





# 02
# സഭാ: ഉത്ഭവവും വളർച്ചയും

പരിശുദ്ധാരൂപിയെ സ്വീകരിച്ച ക്രിസ്തുശിഷ്യന്മാർ ദിവ്യരക്ഷകന്റെ സദ്വാർത്ത അറിയിക്കുവാൻ പല സ്ഥലങ്ങളിലും പോയി. അവർ സുവിശേഷം പ്രസംഗിച്ചു; സഭകൾ സ്ഥാപിച്ചു. ഈ സഭകൾ റോമാ സാമ്രാജ്യത്തിനകത്ത് പലയിടത്തും മർദ്ദിക്കപ്പെട്ടെങ്കിലും അതിനെയെല്ലാം അതിജീവിച്ചു. സാമ്രാജ്യത്തിലെ വിവിധ കേന്ദ്രങ്ങൾ ക്രമേണ സഭാഭരണകേന്ദ്രങ്ങളുമായി.

ഓരോ സഭയിലും രൂപംകൊണ്ട ആരാധനാക്രമമായിരുന്നു സഭാജീവിതത്തിന്റെ കേന്ദ്രബിന്ദു. ബലിയർപ്പണം, കൂദാശാനുഷ്ഠാനങ്ങൾ, നോമ്പ്, ഉപവാസം, ഭരണരീതി, ആദ്ധ്യാത്മികത എന്നിവയെല്ലാം സഭകളുടെ തനിമയാർന്ന വ്യക്തിത്വത്തിന്റെ അടിസ്ഥാനഘടകങ്ങളാണ്. അപ്പസ്തോലന്മാർ രൂപം നൽകിയ അടിസ്ഥാനസഭാജീവിതരീതി വിവിധ ദേശീയസംസ്ക്കാരങ്ങളിലൂടെ വൈവിധ്യമാർന്ന സഭാജീവിതശൈലികളുമായി വളർന്നുവന്നു. യാമപ്രാർത്ഥനകൾ, തിരുവസ്ത്രങ്ങൾ മുതലായവയിലും സഭകൾക്കു തമ്മിൽ കുറെയൊക്കെ വ്യത്യാസങ്ങളുണ്ട്. ആരാധനാക്രമം, ദൈവശാസ്ത്രം, കാനൻനിയമം, ഭരണരീതി, ആദ്ധ്യാത്മികത എന്നിവയെല്ലാം സഭയുടെ വ്യക്തിത്വത്തിന് മാറ്റുകൂട്ടി. ഇവയെല്ലാം ആചരിക്കുന്ന ക്രിസ്തീയ വിഭാഗത്തിന് പില്ക്കാലത്ത് പാശ്ചാത്യർ 'റീത്തെ'ന്ന പേരു നല്കി. എന്നാൽ, റീത്ത് എന്ന പേര് പൗരസ്ത്യർക്കു സ്വീകാര്യമല്ല. റീത്ത് എന്ന പദത്തിന് ബാഹ്യമായ ആചാരവിധികൾ എന്ന അർത്ഥമാണ് ഉള്ളത്. ആചാരവിധികൾക്കപ്പുറത്തുള്ള സഭാപൈതൃകമാണ് സഭയുടെ വ്യക്തിത്വത്തിന് നിദാനം. ഇപ്രകാരം മലബാർ സഭ എന്നുപറയുമ്പോൾ മലബാർസഭയുടെ ആരാധനക്രമം, കാനൻനിയമം, ഹയരാർക്കി, നോമ്പ്, ഉപവാസം, ഭരണരീതി, ആചാരങ്ങൾ, ആദ്ധ്യാത്മികത, പാരമ്പര്യം, അവ പാലിക്കുന്ന ആളുകൾ എന്നെല്ലാമാണ് അർത്ഥം.

(CCEO 27, 28). പാശ്ചാത്യർ ഇപ്രകാരമുള്ള സഭകൾക്ക് 'റീത്തുകൾ' എന്ന പദം ഉപയോഗിക്കുമ്പോൾ പൗരസ്ത്യർ അവയെ 'സഭകൾ'എന്നാണ് വിളിക്കുക.

ആരാധനാക്രമത്തെയും ശ്ലൈഹിക പൈതൃകത്തെയും അടിസ്ഥാനമാക്കിയാണ് വിവിധ സഭകൾ വളർന്നത്. ഈശോമിശിഹാ സ്ഥാപിച്ച വി. കുർബാനയും മറ്റു കൂദാശകളുമാണ് ആരാധനാക്രമമെന്നു പറഞ്ഞാൽ പ്രഥമമായി മനസ്സിലാക്കുന്നത്. ക്രിസ്ത്വനുയായികൾ ഒരുമിച്ചുകൂടി ദിവ്യപ്രബോധനങ്ങളെപ്പറ്റി ധ്യാനിച്ചിരുന്ന സാബത്തുദിനാചാരണം യഹൂദപാരമ്പര്യമായിരുന്നല്ലോ. യഹൂദരിൽനിന്നു മാനസാന്തരപ്പെട്ട അനുയായികൾ സിനഗോഗിലെ പാരമ്പര്യം കുറെയൊക്കെ നിലനിർത്തി. അപ്പമെടുത്തുവാഴ്ത്തി സ്തുതി പറഞ്ഞ് എല്ലാവരും ദിവ്യബലിയിൽ പങ്കുകൊണ്ടിരുന്നു; മാമ്മോദീസാ നൽകിയിരുന്നു. ഇതോടുചേർന്ന് ശ്രേഷ്ഠാചാര്യന്മാർ കൈകൾ അവർക്ക് തലയിൽ വച്ച് പരിശുദ്ധാരൂപിയുടെ ദാനങ്ങൾക്കായി പ്രാർത്ഥിക്കുകയും ആത്മീയ നേതൃത്വം നൽകുകയും ചെയ്തിരുന്നതായി കാണാം. എന്നാൽ ഇന്നത്തെപ്പോലെ വ്യക്തമായ രീതിയിലായിരുന്നില്ല അന്നത്തെ ആരാധനാക്രമം. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതോടെ ക്രമക്കേടുകളൊഴിവാക്കാൻ വേണ്ടി പ്രാർത്ഥനകളുടെ രീതിക്കും ദൈർഘ്യത്തിനും കൂദാശകളുടെ കർമ്മ വിധിക്കുമെല്ലാം കുറെയൊക്കെ വ്യക്തവും ക്ലിപ്തവുമായ രൂപം നല്കേണ്ടതായി വന്നു. വിശുദ്ധരും പണ്ഡിതരുമായ സഭാപിതാക്കന്മാർ ഈ പ്രാർത്ഥനകളും ആചാരങ്ങളും ആരാധനാരീതിയുമൊക്കെ ശ്ലൈഹിക പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ സമ്പുഷ്ടമാക്കി. ദൈവശാസ്ത്ര കേന്ദ്രങ്ങൾ ഇവയെ സ്വാധീനിച്ചു. ഇപ്രകാരമുള്ള ആരാധനാപാരമ്പര്യം വിശ്വസ്തതയോടെ സഭകൾ ആചരിച്ചുപോന്നു. അഞ്ചാം നൂറ്റാണ്ടോടെ ആരാധനാപാരമ്പര്യത്തിന്റെ വെളിച്ചത്തിൽ വിവിധ സഭകൾ വ്യക്തമായി രൂപംകൊണ്ടു. പ്രാചീന ക്രൈസ്തവപഠനകേന്ദ്രങ്ങൾ ആസ്ഥാനമാക്കി ഇവ വളർന്നു.

**കത്തോലിക്കാസഭ: സഭകളുടെ കൂട്ടായ്മ**

കത്തോലിക്കാസഭ വിവിധ സഭകളുടെ കൂട്ടായ്മ (Communion) യാണ്. ഈ സഭകൾ തമ്മിൽ ഗാഢമായ ഐക്യമുണ്ട്. വിശ്വാസം, സന്മാർഗ്ഗം, കൂദാശകൾ, പരിശുദ്ധ കുർബാന, ഹയരാർക്കി എന്നിവയാണ് ഐക്യത്തിന്റെ ഘടകങ്ങൾ. എന്നാൽ ഈ ഐക്യം വൈവിധ്യാമാർന്ന പാരമ്പര്യങ്ങളിലൂടെയാണ് പ്രകടമാവുക. ആരാധനാക്രമം, ആദ്ധ്യാത്മികത, ഭരണരീതി, ദൈവശാസ്ത്രം, ശിക്ഷണക്രമം എന്നിങ്ങനെ പലതിലും ഈ സഭകളുടെ ഇടയിൽ വൈവിധ്യമുണ്ട്. ഈ വൈവിധ്യം ഐക്യത്തിന്റെ ആഴവും പരപ്പും പ്രകടമാക്കുന്നു. ഈ രംഗത്ത് കത്തോലിക്കാസഭ ബാഹ്യമായ ഐക്യരൂപ്യം ആവശ്യപ്പെടുന്നില്ല. വൈവിധ്യമാർന്ന സഭാപാരമ്പര്യങ്ങൾ അഭംഗം നിലനിർത്തണമെന്ന് വ്യക്തമായ നിർദ്ദേശം സഭ നൽകുന്നു.





കത്തോലിക്കാസഭയിലെ വിവിധ സഭകളെ വ്യക്തിഗത സഭകൾ (Individual Churches) എന്ന് പറയുന്നു. തനതായ വ്യക്തിത്വം (Individuality) ഉള്ളതിനാലാണ് ഇങ്ങനെ അറിയപ്പെടുന്നത്.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം പരിഷ്കരിച്ച പൗരസ്ത്യകാനൻ നിയമസംഹിത (Codex Canoum Ecclesiarum Orientalium) വ്യക്തിവ്യക്തിഗത സഭകളെ "Sui Juris Churches" എന്നാണ് വിളിക്കുക. ഇതനുസരിച്ച് കത്തോലിക്കാസഭയിൽ താഴെപ്പറയുന്ന വ്യക്തിഗത സഭകളാണുള്ളത്. അവ ആചരിക്കുന്ന ആരാധനക്രമ പാരമ്പര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ വിഭജനം.

1. റോമാസഭ (ലത്തീൻ)
2. അലക്സാണ്ഡ്രിയൻ സഭ — കോപ്റ്റിക് സഭ
   - എത്യോപ്യൻ സഭ
3. അന്ത്യോക്യൻ സഭ — സിറിയൻ സഭ
   - സിറിയൻ മാറൊനൈറ്റ് സഭ
   - സീറോ - മലങ്കര സഭ
4. പൗരസ്ത്യ സുറിയാനിസഭ — കൽദായ സഭ
   - (പൗരസ്ത്യ സുറിയാനി സഭ)
   - സീറോ മലബാർ സഭ
5. അർമേനിയൻ സഭ
   - ഗ്രീക്ക് മെൽകൈറ്റു സഭ, ഉക്രേനിയൻ സഭ, റുമേനിയൻ സഭ, റുത്തേനിയൻസഭ
   - സ്ലോവാക് സഭ, ഹങ്കേറിയൻ സഭ
   - ഇറ്റാലോ
6. ബൈസന്റൈൻ സഭ — അൽബേനിയൻ സഭ

ക്രിസ്സേവ് ചി സഭ

ബൾഗേറിയൻ സഭ

ഗ്രീക്ക് സഭ

റഷ്യൻ സഭ

ബൈലോ - റഷ്യൻ സഭ

അൽബേനിയൻ

പൗരസ്ത്യ സഭകളെ സംബന്ധിച്ചുള്ള കൗൺസിൽ ഡിക്രിയിൽ ഈ ആശയം തന്നെ പ്രകടമാക്കുന്നു.

"വിശ്വാസികൾ വിവിധ സമൂഹങ്ങളായി, ഹയരാർക്കിയുടെ കീഴിൽ വ്യതിരിക്ത (Separate) സഭകൾ അല്ലെങ്കിൽ റീത്തുകളുമായി സമ്മേളിച്ചിരുന്നു. ഈ സഭകൾ തമ്മിൽ പ്രശംസനീയമായ ബന്ധം പുലർത്തുന്നുണ്ട്. അതിനാൽ വൈവിധ്യം സഭയുടെ ഐക്യത്തെ തകർക്കുകയല്ല, പ്രത്യുത പ്രത്യക്ഷമാക്കുകയാണ് ചെയ്യുന്നത്" (പൗരസ്ത്യ സഭകൾ 2).

**പാശ്ചാത്യ പൗരസ്ത്യസഭകൾ**

പൗരസ്ത്യം പാശ്ചാത്യം എന്നീ സംജ്ഞകൾ റോമാസാമ്രാജ്യവുമായി ബന്ധപ്പെട്ടതാണ്. എ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡയക്ലീഷൻ ചക്രവർത്തി (284-305) സാമ്രാജ്യം നാലായി വിഭജിച്ചു. ക്രമേണ അതു രണ്ടായിത്തീർന്നു; പാശ്ചാത്യവും പൗരസ്ത്യവും. പൗരസ്ത്യ സാമ്രാജ്യത്തിൽ വളർന്നു വികസിച്ച സഭകളാണ് പൗരസ്ത്യസഭകൾ; പാശ്ചാത്യ സാമ്രാജ്യത്തിലേത് പാശ്ചാത്യ സഭകളും. റോമാ സാമ്രാജ്യത്തിനു പുറത്തും അപ്പസ്തോലന്മാർ സഭകൾ സ്ഥാപിച്ചു. തോമാശ്ലീഹായാൽ സ്ഥാപിതമായ പേർഷ്യൻ സഭയും ഭാരതസഭയും ഇതിനുദാഹരണങ്ങളാണ്. പാശ്ചാത്യ വിഭാഗത്തിൽപ്പെടാത്ത സഭകൾക്കെല്ലാം ക്രമേണ പൗരസ്ത്യസഭകളെന്ന പേര് പ്രാബല്യത്തിൽ വന്നു. ഇങ്ങനെയാണ് പേർഷ്യയിലെയും ഭാരതത്തിലെയും സഭകളും പൗരസ്ത്യ സഭകളെന്നറിയപ്പെടുക. പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ സഭകൾ സ്ഥാപിച്ച ഇതര സഭകൾക്കും ഈ പേരുതന്നെ ലഭിച്ചു.

പാശ്ചാത്യ റോമാസാമ്രാജ്യത്തിൽ റോമൻ, ഗാള്ളിക്കൻ, അംബ്രോസിയൻ, മൊസ്സാറബിക്ക് എന്നിങ്ങനെ പല പ്രാദേശിക ആരാധനാരീതികളുമുണ്ടായിരുന്നു. എന്നാൽ റോമിന്റെ പ്രാമുഖ്യം വർദ്ധിച്ചു വന്നതോടെ മേല്പറഞ്ഞ മറ്റു വൈവിധ്യം ക്ഷയിക്കുകയും റോമൻ





ആരാധനാക്രമത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു. ഇവ ഇന്നും നാമമാത്രമായി ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നുണ്ട്. റോമൻ സഭയും പാശ്ചാത്യസഭയും ഇന്നത്തെ വ്യവസ്ഥിതിയിൽ ഒന്നാണെന്നുപറയാം. ആരാധനക്രമഭാഷയുടെ പേരിൽ ലത്തീൻ റീത്തെന്നും ഇതറിയപ്പെടുന്നു.

എന്നാൽ പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ സ്ഥിതി വ്യത്യസ്തമായിരുന്നു. അവിടെ വിവിധ സഭകൾ സ്വതന്ത്രമായി വളർന്നു. ഒന്നു മറ്റൊന്നിനെ വിഴുങ്ങിയില്ല! സാമ്രാജ്യത്തിന്റെ പൗരസ്ത്യതലസ്ഥാനത്ത് വളർന്നു വികസിച്ചത്, ബൈസന്റൈൻ സഭയാണ്. ഇതു മറ്റുസഭകളുടെ വളർച്ചയ്ക്ക് പ്രതിബന്ധമായില്ല. ക്രമേണ ഇത് മറ്റുസ്ഥലങ്ങളിലേയ്ക്കു വ്യാപിച്ചു. ഇന്ന് പല ഉപ വിഭാഗങ്ങൾ ഇതിനുണ്ട്. ഇവയ്ക്കു പുറമേ, അലക്സാൺഡ്രിയൻ, അന്ത്യോക്യൻ, പൗരസ്ത്യ സുറിയാനി, അർമേനിയൻ എന്നീ ആരാധനക്രമങ്ങൾ പൗരസ്ത്യസഭകളിൽ കാണാം. അർമേനിയൻ സഭയൊഴിച്ച് മറ്റുള്ളവയ്ക്ക് ഉപവിഭാഗങ്ങളുണ്ട്.

കോപ്റ്റിക്, എത്യോപ്യൻ എന്നീ വിഭാഗങ്ങൾ അലക്സാൻഡ്രിയൻ സഭയ്ക്കുണ്ട്. കേരളത്തിലുള്ള മലങ്കര സഭയും ലെബനോണിലെ മാറോനീത്താസഭയും സിറിയായിലെ സുറിയാനിസഭയും അന്ത്യോക്യൻ ആരാധനക്രമത്തിന്റെ പൊതുവായ പൈതൃകങ്ങളുള്ളവയാണ്. ഒരേ ശ്ലൈഹിക പൈതൃകത്തിൽ വേരുന്നി പേർഷ്യയിലും മെസൊപ്പൊട്ടേമിയായിലും ഇൻഡ്യയിലും വളർന്നു പന്തലിച്ച, പൗരസ്ത്യ ആരാധനക്രമം ആചരിക്കുന്ന രണ്ട് സഭകളാണുള്ളത്. അവയാണ് സീറോ മലബാർസഭയും പൗരസ്ത്യ സുറിയാനിസഭയും. തോമ്മാശ്ലീഹായുടെ ശ്ലൈഹികപൈതൃകമാണ് ഈ അയൽസഭകൾക്ക് പൊതുവായിട്ടുള്ളത്. തന്മൂലം ഹയരാർക്കി തലത്തിലും ഈ ബന്ധം ക്രമേണ വളർന്നുവന്നു. എങ്കിലും ഭാരതത്തിലെ സഭയ്ക്ക് തനതായ ഭരണ സംവിധാനമുണ്ടായിരുന്നു.

സഭയിലെ വൈവിധ്യം തിരുസ്സഭയുടെ സാർവ്വത്രികതയുടെ മാത്രമല്ല വളർച്ചയുടെയും സാംസ്ക്കാരികോദ്ഗ്രഥനത്തിന്റെയും അടയാളമാണ്. ആദിമസഭയുടെ ശ്ലൈഹികപാരമ്പര്യമാണിവയിലുള്ളത്. സഭാപിതാക്കന്മാരുടെ നേതൃത്വത്തിൽ വളർന്നു വന്ന ഈ സഭകൾ തിരുസ്സഭയുടെ അമൂല്യസമ്പത്താണ്. ഓരോ സഭയുടെയും ഈ ശ്ലൈഹികപൈതൃകം സഭ മുഴുവന്റെയും പൊതുസ്വത്താണ്. ഇടുങ്ങിയ ദേശീയ ചിന്തകളുടെ പരിമിതികളിൽ ഇവയെ ഒതുക്കാവുന്നതല്ല. ശ്ലൈഹിക പൈതൃകത്തിന്റെ കേന്ദ്രബിന്ദു ആരാധനക്രമമാണ്. ഇവയെ വെറും 'ദേശീയ സഭകളായി' മുദ്രകുത്താവുന്നത

ല്ല. തിരുസ്സഭയുടെ ആദ്ധ്യാത്മിക പൈതൃകമാണ് ഇവയിലൂടെ തുടരുന്നത്. വർഗ്ഗവർണ്ണദേശഭേദമന്യേ ലോകമെങ്ങും വളർന്നു വികസിക്കാൻ ഇവയ്ക്കവകാശമുണ്ട്.

**സഭകളുടെ തുല്യപദവി**

ശ്ലൈഹിക പൈതൃകത്തിന്റെയും ആദിമസഭാപാരമ്പര്യത്തിന്റെയും അവകാശികളാണ് സഭകൾ. തന്മൂലം രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു;

"അഭികാമ്യമായ അവയുടെ പൗരാണികത്വം കൊണ്ട് ഒരു പ്രത്യേക സ്ഥാനം ഈ സഭകൾക്കുണ്ട്. അപ്പസ്തോലന്മാരിൽ നിന്ന് സഭാപിതാക്കളിലൂടെ കൈവന്ന പാരമ്പര്യം അവയിൽ പ്രശോഭിക്കുന്നുണ്ട്. ഈ പാരമ്പര്യമാവട്ടെ, സാർവ്വത്രികസഭയുടെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസ്വത്തിന്റെ ഭാഗവുമാകുന്നു.... പ്രസ്തുത സഭകൾ ഈ പാരമ്പര്യത്തിന്റെ സജീവ സാക്ഷികളാണല്ലോ. അവ വളർന്നു വികസിക്കാനും, അതോടൊപ്പം അവയിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം നവമായ ശ്ലൈഹിക ചൈതന്യത്തോടെ പൂർണ്ണമാകാനും ഈ സുനഹദോസ് ആഗ്രഹിക്കുന്നു".

വിശുദ്ധ ലിഖിതവും വിശുദ്ധ പാരമ്പര്യവും ഒരേ ആദരവോടെ സ്വീകരിക്കുകയും വിലമതിക്കുകയും ചെയ്യണമെന്നും കൗൺസിൽ പഠിപ്പിക്കുന്നു.

സഭാപൈതൃകത്തിന്റെ അവകാശികളാകയാൽ സഭകളെല്ലാം തുല്യമാണ്. ഒരേ കടമയും ഒരേ അവകാശങ്ങളുമാണവയ്ക്കുള്ളത്. റോമാമാർപ്പാപ്പയുടെ കീഴിൽ ലോകം മുഴുവനും സുവിശേഷമറിയിക്കുക എല്ലാ സഭകളുടെയും കടമയാകുന്നു.

സുവിശേഷ പ്രഘോഷണം നടത്തുകയും സഭാംഗത്വം സ്വീകരിച്ചവർക്ക് അജപാല സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക ഓരോ സഭയുടെയും കടമയും അവകാശവുമാകുന്നു. ഈ അവകാശം ആർക്കും നിഷേധിക്കുവാൻ അവകാശമില്ല. കാരണം, ദൈവദത്തമാണിവ. ഈ ദൗത്യനിർവ്വഹണത്തെ സഹായിക്കുകയും ത്വരിതപ്പെടുത്തുകയുമാണ് സഭാനേതൃത്വത്തിന്റെ കടമ.

"സഭയുടെ ന്യായത്താൽ ഒന്നു മറ്റൊന്നിന്റെ മുമ്പിലല്ല" ഇത് തിരുസ്സഭയുടെ ഘടനയിലെ അടിസ്ഥാനപരമായൊരു തത്വമാണ്. പല സഭകൾ സഭയിലുണ്ട്. ഓരോന്നിനുമുണ്ട് അതാതിന്റെ സവിശേഷതകൾ. എല്ലാ സഭകൾക്കും സ്ഥാനവും മാഹാത്മ്യവും ഉത്തരവാദിത്വവും തുല്യമാണ്. ശ്ലൈഹിക പാരമ്പര്യത്തിന്റെ തുല്യാവകാശികളാണ് ഈ സഭകളെല്ലാം.





വിശ്വാസത്തിലും സന്മാർഗ്ഗത്തിലും കൂദാശകളിലും സഭാനേതൃത്വത്തിലും പൂർണ്ണമായ ഐക്യമാണ് വിവിധ സഭകളുടെ ഇടയ്ക്കുള്ളത്. ഒന്നു മറ്റൊന്നിനെക്കാൾ പദവി കൂടിയതെന്നു അവകാശപ്പെടാനാവില്ല. അംഗസംഖ്യ മേന്മയുടെ മാനദണ്ഡമല്ല. പല രാഷ്ട്രീയകാരണങ്ങളും കാലാകാലങ്ങളിൽ അംഗസംഖ്യ വർദ്ധിക്കുന്നതിനോ കുറയുന്നതിനോ കളമൊരുക്കാം. യൂറോപ്യൻ രാജ്യങ്ങളിൽ പൗരാവകാശം ലഭിക്കാൻ ക്രിസ്ത്യാനിയാകണമെന്നു നിർബന്ധമുണ്ടായിരുന്നു, റോമാസാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്ന ജസ്റ്റീനിയനും (627-565) കാറൽമാനുമൊക്കെ (768-814) നിർബന്ധമുണ്ടായിരുന്നു. എല്ലാവരും മാമ്മോദീസാ സ്വീകരിച്ചവരായിരിക്കണമെന്ന് പൊതുവെ പറഞ്ഞാൽ 16-ാം നൂറ്റാണ്ടുവരെ പാശ്ചാത്യ യൂറോപ്പിൽ ഒതുങ്ങിയിരുന്നു ലത്തീൻ സഭ. എന്നാൽ പിന്നീട് തെക്കേ അമേരിക്കയിൽ പോർട്ടുഗീസുകാരും സ്പെയിൻകാരും കോളനികൾ സ്ഥാപിച്ചപ്പോൾ ഭരണത്തലവന്മാരുടെ മതം ഭരണീയരുടേതുമായിരിക്കണമെന്ന നിയമമുണ്ടാക്കി. പാശ്ചാത്യമിഷനറിമാർ പോയിടത്തും പാശ്ചാത്യസഭാപാരമ്പര്യങ്ങൾ തന്നെ പ്രചരിപ്പിച്ചു. ഭാരതത്തിൽ വന്ന പോർട്ടുഗീസുകാർ മാർത്തോമ്മാക്രിസ്ത്യാനികളെക്കൂടി ലത്തീൻസഭയിൽ ചേർക്കാൻ കരുക്കൾ നീക്കി.

പൗരസ്ത്യസഭകൾ നിലവിലിരുന്ന പല രാജ്യങ്ങളിലും രാഷ്ട്രീയഗതി പ്രതികൂലമായിരുന്നു. അറബികളുടെ ആക്രമണം മദ്ധ്യപൂർവ്വദേശത്തെ ക്രിസ്തുമതം നാമാവശേഷമാക്കിയെന്നു പറയാം. പിന്നീട് കോൺസ്റ്റാന്റിനോപ്പിൾ വരെ ഇസ്ലാം വ്യാപിച്ചു. കമ്മ്യൂണിസ്റ്റ് ആധിപത്യകാലത്ത് സോവിയറ്റ് യൂണിയനിലും സഭകൾ ഇരുമ്പഴികൾക്കുള്ളിലായി. ഇപ്രകാരമുള്ള ഗതിവിഗതികൾ പരിശോധിച്ചാൽ അവ പ്രാദേശിക സഭകളുടെ വളർച്ചയെ വികസിപ്പിക്കുകയോ നശിപ്പിക്കുകയോ ചെയ്തിരുന്നതായി കാണാം. ഇക്കാരണങ്ങളാൽ അംഗസംഖ്യയുടെ മാനദണ്ഡമനുസരിച്ച് സഭകളെ വിലയിരുത്താനാവില്ലെന്നു വ്യക്തം. എന്നാൽ ഈ തുല്യാവകാശം നിഷേധിക്കപ്പെട്ട നിരവധി സംഭവങ്ങൾ സഭാചരിത്രത്തിന്റെ കറുത്തപൊട്ടുകൾ തന്നെ. ഇൻഡ്യയിൽതന്നെ ഇതിനു നിരവധി ഉദാഹരണങ്ങളുണ്ടല്ലോ.

**സഭ നൂറ്റാണ്ടുകളിലൂടെ**

12 അപ്പസ്തോലന്മാരുടെ നേതൃത്വത്തേക്കാളുപരി നിയതമായ ഘടനയോടെയോ നിയമവ്യവസ്ഥിതികളോടെയോ അല്ലായിരുന്നു സഭയുടെ ആരംഭം. അതുകൊണ്ടുതന്നെ ഏകതാനമായ ഘടനയോ

ഭരണരീതിയോ ആദിമസഭയിൽ ദർശിക്കാനാവില്ല. സഭ പ്രത്യക്ഷപ്പെട്ടത് ഒരു ഗ്രീക്ക് മതമായിട്ടാണ്. അലക്സാണ്ഡ്രിയാ അന്തോക്യാ, എഫേസൂസ്, കോറിന്തോസ് തുടങ്ങിയ ഗ്രീക്ക് നഗരങ്ങളിലാണ് ആദ്യമായി സഭാസമൂഹങ്ങൾ പിറവിയെടുത്തത്. സഭയുടെ ഘടനാപരമായ എല്ലാ കാര്യങ്ങളേയും കുറിക്കുന്ന പദങ്ങൾ ഗ്രീക്ക് ഭാഷയിൽ നിന്നും ഉയർന്നുവരാനുള്ള കാരണമിതുതന്നെ. ഒപ്പം തന്നെ ലാറ്റിൻ ഭാഷയും ഇതിനെ സ്വാധീനിച്ചു. ചുരുക്കിപ്പറഞ്ഞാൽ മൂന്നു ലോകങ്ങൾ, മൂന്നു സംസ്കാരങ്ങൾ, മൂന്നു ഭാഷകൾ മൂന്നു ദർശനങ്ങൾ (യഹൂദ-യവന-ലത്തീൻ) കൂടിച്ചേർന്നാണ് സഭയെ ഘടനാപരമായൊരു വ്യവസ്ഥിതിയിലേക്കുയർത്തിയത്.

നിയതമായ ഘടനയോ ഭരണകൂടസംവിധാനങ്ങളോ ഇല്ലായിരുന്നുവെങ്കിലും സഭയിൽ അപ്പസ്തോലന്മാർക്ക് അതുല്യമായ പദവി ഉണ്ടായിരുന്നു. പ്രത്യേകിച്ചു വി. പത്രോസിന്. അപ്പസ്തോലന്മാർ സുവിശേഷ പ്രഘോഷണത്തിനു കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് ഭരണരംഗത്തുനിന്ന് നിഷ്ക്രമിച്ചപ്പോൾ സഭാശുശ്രൂഷ 7 ഡീക്കന്മാർ ഏറ്റെടുത്തു. കൂടാതെ ശ്രേഷ്ഠന്മാരുടെ ഒരു സമൂഹവും ഭരണകാര്യങ്ങളിൽ സഹായിക്കുന്നുണ്ടായിരുന്നു. ജറുസലേം കൗൺസിലിൽ ഇതിനേക്കുറിച്ച് സൂചനയുണ്ട്.

ദൗത്യത്തിലധിഷ്ഠിതമായ ഒരു ഭരണസംവിധാനവും സംഘടനാത്മകതയും ആണ് സഭയ്ക്കുണ്ടായിരുന്നത്. കാരണം സഭ തുടരാൻ അനുവദിച്ചിരുന്നതും ഈയൊരു ദൗത്യമായിരുന്നു. – "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" ഈ ദൗത്യനിർവ്വഹണത്തിൽ സഭയിലെ എല്ലാ അംഗങ്ങളും തങ്ങളുടെ പങ്ക് നിർവ്വഹിക്കുകയും പ്രശ്നങ്ങളിലും തർക്കങ്ങളിലും ഈ മിഷനറി ദൗത്യത്തിന്റെ പശ്ചാത്തലത്തിൽ തീരുമാനങ്ങളെടുക്കുന്നതിലും സഭയെ കാലോചിതമായി നയിക്കുന്നതിലും പങ്കുചേരുകയും ചെയ്തിരുന്നു. (നടപടി 20,28,1 കോറി 12,28 എഫേ 4,11, 1 പത്രോസ് 5,2–4).

ചില ആധുനിക പ്രൊട്ടസ്റ്റന്റു പണ്ഡിതന്മാർ വാദിക്കുന്നതുപോലെ ഒരു ആദ്ധ്യാത്മിക ശുശ്രൂഷാ മണ്ഡലവും ഭരണസംവിധാനവും തമ്മിലുള്ള വടംവലി ഒരിക്കലും ആദിമസഭയിൽ ഉണ്ടായിരുന്നില്ല. എല്ലാ വരങ്ങളും പരിശുദ്ധാത്മാവിൽ നിന്നാണ് നിർഗ്ഗളിക്കുന്നതെന്നും അത് സഭാഗാത്രത്തിന്റെ വളർച്ചയ്ക്കു വേണ്ടിയുള്ളതാണെന്നുമുള്ള കാഴ്ചപ്പാട് സഭാംഗങ്ങൾക്കുണ്ടായിരുന്നു. (റോമ 12,7–8, എഫേ 4,11–12, 1 കോറി 12,11).





ആദിമകാലം മുതൽക്കുതന്നെ തമ്മിൽ മാത്സര്യമോ സ്പർദ്ധയോ ഇല്ലായിരുന്നു. പ്രാദേശിക സഭകൾ തമ്മിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ (പരിഛേദനം വിജാതീയരെ സഭയിലേക്ക് സ്വീകരിക്കൽ) ഉണ്ടായിരുന്നുവെങ്കിലും അപ്പസ്തോലന്മാർ അവയ്ക്കെല്ലാം സ്വീകാര്യമായ പരിഹാരങ്ങൾ കണ്ടെത്തിയിരുന്നു. സഭകൾ തമ്മിൽ നിലനിന്നിരുന്ന കൂട്ടായ്മ ആദ്യനൂറ്റാണ്ടുമുതൽ തന്നെ പ്രകടമായിരുന്നു.

അധികാരം സേവനത്തിനു വേണ്ടിയാണെന്ന കാഴ്ചപ്പാട് വിശ്വാസികൾക്കിടയിൽ രൂഢമൂലമായിരുന്നു. തന്റെ ലേഖനങ്ങളിൽ പലയിടത്തും വി. പൗലോസ് ഇക്കാര്യം ഊന്നിപ്പറയുന്നുണ്ട് (1 കോറി 4,9–13,2 കോറി 4,5–12). സഭാശുശ്രൂഷകൾക്കിടയിൽ പത്രോസിന് ഉന്നതസ്ഥാനമുണ്ടായിരുന്നു. ഈശോ ആദ്യം വിളിച്ച ശിഷ്യനെന്ന നിലയിലും സ്വർഗ്ഗത്തിന്റെ താക്കോലുകൾ ഏറ്റുവാങ്ങിയ വ്യക്തിയെന്ന നിലയിലും അപ്പസ്തോലന്മാർക്കിടയിൽ സമുന്നത സ്ഥാനമുണ്ടായിരുന്ന പത്രോസിനെ സഭാ തലവൻ എന്ന നിലയിൽ എല്ലാവരും അംഗീകരിക്കുകയും പത്രോസിന്റെ ദർശനങ്ങളും സമീപനങ്ങളും സഭയുടെ നിലപാടുകളായി മാറുകയും ചെയ്തു.

**സഭ റോമാസാമ്രാജ്യത്തിലെ ഔദ്യോഗിക മതം**

മൂന്നു നൂറ്റാണ്ടുകാലം നീണ്ടു നിന്ന അതിക്രൂരവും ഭീകരവുമായ മതമർദ്ദനപരമ്പരകൾക്കുശേഷം എ.ഡി 313 ലെ മിലാൻ വിളംബരത്തോടെ സഭ സ്വതന്ത്രമായി. ക്രൈസ്തവർക്ക് മതസ്വാതന്ത്ര്യം നൽകിയ പ്രഖ്യാപനമാണ് മിലാൻ വിളംബരത്തോടെ കോൺസ്റ്റന്റയിൻ നടത്തിയത്. ക്രമേണ ക്രിസ്തുമതം റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി മാറി. ഇത് സഭയുടെ അധികാരത്തെയും സ്വാധീനത്തെയും വളർച്ചയെയും ഒന്നുപോലെ സ്വാധീനിച്ചു. മെത്രാന്മാർക്ക് വലിയ സ്ഥാനമാനങ്ങളും പദവികളും ലഭിച്ചു. റോമൻ ചക്രവർത്തി അപ്പസ്തോലന്മാർക്ക് സമനാണെന്നും സഭയും റോമാസാമ്രാജ്യവും തത്വത്തിൽ തുല്യമാണെന്നുമുള്ള കാഴ്ചപ്പാട് വളർന്നു വരുവാൻ മതസ്വാതന്ത്ര്യം വഴി തെളിച്ചു.

**പാത്രിയാർക്കേറ്റുകളുടെ ഉത്ഭവം**

ഡയക്ലീഷൻ ചക്രവർത്തി (284–305) റോമാസാമ്രാജ്യത്തെ ഭരണസൗകര്യത്തിനായി പ്രിഫെക്ചറുകൾ, ഡയോസിസുകൾ, പ്രോവിൻസുകൾ എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. സഭ റോമിലെ ഔദ്യോഗിക മതമായതോടെ ഭരണസംവിധാനങ്ങളുടെ കാര്യക്ഷമതയ്ക്കുവേണ്ടി സഭയും ഈ സംവിധാനത്തെ കടമെടുത്തു. റോമൻ

സാമ്രാജ്യത്തിലെ പ്രോവിൻസുകളുടെ തലസ്ഥാനങ്ങളായിരുന്നു പ്രഥമ ക്രൈസ്തവ കേന്ദ്രങ്ങൾ. ഈ കേന്ദ്രങ്ങളിലെ സഭകൾക്ക് മാതൃസഭയുമായി അടുത്ത ബന്ധമുണ്ടായിരുന്നു. ഈ ബന്ധം നില നിന്നിരുന്നത് പുതിയ സ്ഥലങ്ങളിൽ സുവിശേഷമെത്തിക്കുന്നതിനു കാരണമായി. തത്ഫലമായി ഈ സഭകൾ മാതൃസഭകൾ എന്നറി യപ്പെടാൻ ഇടവരികയും ചെയ്തു. മാതൃ സഭകളിലെ മെത്രാൻമാർ മെത്രാപ്പൊലീത്തമാർ എന്നു വിളിക്കപ്പെട്ടിരുന്നു. ഓരോ പ്രോവിൻസിലെയും മെത്രാൻമാർ ഒരുമിച്ചുകൂടി പ്രധാന പൊതു പ്രശ്നങ്ങൾ ചർച്ചചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ സഭകൾതമ്മിൽ സഹവർത്തിത്വവും സംഘടനാപരതയും വളർന്നു വരികയും ചെയ്തു. പാശ്ചാത്യസഭയിൽ റോമും കാർത്തേജുമായി രുന്നു പ്രൊവിഷ്യൻ ഗ്രൂപ്പിലെ പ്രധാനികൾ. സഭകൾ തമ്മിലുണ്ടാ യിരുന്ന പരസ്പരബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് പാത്രി യാർക്കേറ്റുകൾ ഉരുത്തിരിഞ്ഞത്. സഭാ സമൂഹങ്ങളുടെ പൗരാണി കത്വം, സഭയിലുണ്ടായിരുന്ന സ്ഥാനം, അപ്പസ്തോലികത എന്നി വയുടെ അടിസ്ഥാനത്തിൽ അഞ്ചു പ്രധാന കേന്ദ്രങ്ങൾ സഭയിൽ ഉയർന്നുവന്നു. ഇവ പെന്റാർക്കി (Pentarchy) - അഞ്ച് അധികാര കേന്ദ്രങ്ങൾ) എന്നറിയപ്പെടുന്നു. അവ റോമ, കോൺസ്റ്റാന്റിനോ പ്പിൾ, അലക്സാണ്ട്രിയ, അന്ത്യോക്യ, ജറുസലേം എന്നിവയാണ്. ജനസമൂഹങ്ങളുടെ തലവന്മാരാണ് പാത്രിയാർക്കീസുമാർ എന്ന റിയപ്പെട്ടിരുന്നത്. മെത്രാന്റെ തിരഞ്ഞെടുപ്പ് മെത്രാപ്പോലീത്തായുടെ അറിവോടും മെത്രാപ്പോലീത്തായുടെ തിരഞ്ഞെടുപ്പ് പാത്രിയാർക്കി സിന്റെ അറിവോടെയുമായിരുന്നു. പാത്രിയാർക്കിസിനെ തിരഞ്ഞെ ടുക്കുമ്പോൾ മറ്റു പാത്രിയാർക്കീസുമാരുടെ സമ്മതവും ആവശ്യ മായിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ പൗരസ്ത്യറോമാ സാമ്രാജ്യ ത്തിന്റെ തലസ്ഥാനമെന്നനിലയിൽ അതിപ്രധാനമായ പാത്രിയാർ ക്കീസ് ആസ്ഥാനമായിരുന്നു. പത്രോസിന്റെ പിൻഗാമി എന്ന നില യിൽ റോമിലെ പാത്രിയാർക്കിസിന് സമുന്നത പദവിയും ഉന്നത പരമാധികാരവും കല്പിച്ചുകൊടുത്തിരുന്നു.

### മാർപ്പാപ്പയും രാഷ്ട്രീയാധികാരവും

പത്രോസിന്റെ പിൻഗാമിയും റോമിന്റെ പാത്രിയാർക്കീസുമായി രുന്ന സഭാതലവനാണ് മാർപാപ്പയെന്ന് വിളിക്കപ്പെട്ടിരുന്നത്. ആദി മസഭയിൽ പാപ്പാസ്ഥാനം ആധ്യാത്മിക നേതൃത്വത്തിനും ശുശ്രൂ ഷയ്ക്കുമാണ് മുൻതൂക്കം കൊടുത്തിരുന്നതെങ്കിൽ 8-ാം നൂറ്റാണ്ടു മുതൽ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം (754-1870) വരെ മാർപാപ്പ ഒരു ആത്മീയനേതാവ് എന്നതിനപ്പുറം ഇറ്റലിയിലെ പേപ്പൽ സ്റ്റേറ്റു





കളുടെ ഭരണാധികാരിയായി ആയിത്തീർന്നു. ബൈസന്റയിൻ ചക്ര വർത്തിമാരുടെ ശക്തിക്ഷയം, മതപരമായ വിവാദങ്ങൾ, ലൊമ്പാ ർഡ് യുദ്ധങ്ങൾ, മാർപാപ്പമാരും ഫ്രാങ്കുകളും തമ്മിൽ നടത്തിയ സഖ്യം ഇവയാണ് സഭയെ രാഷ്ട്രീയാധികാരം കൈയ്യാളുന്നതി ലേക്ക് കൊണ്ടുചെന്നെത്തിച്ചത്. ചക്രവർത്തിമാരുടെയും ധനിക രായ മറ്റുള്ളവരുടെയും സമ്മാനങ്ങളും സംഭാവനകളും ഇറ്റലിയിലെ ഏറ്റവും വലിയ ധനികനാകുന്നതിൽ മാർപാപ്പയെ സഹായിച്ചു. 754 ൽ സ്റ്റീഫൻ രണ്ടാമൻ പാപ്പ ഫ്രാങ്കുകളുമായി സഖ്യത്തിലൊപ്പു വെച്ചതോടെ പാപ്പാ മധ്യ ഇറ്റലിയുടെ രാജാവായി. ലെയോ മൂന്നാ മൻ മാർപാപ്പ ചാർലിമെയിൻ എന്ന ഫ്രാങ്കിഷ് രാജാവിനെ റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായി കിരീടം ധരിപ്പിച്ചതോടെ പാശ്ചാത്യ സഭാതലങ്ങളിൽ വലിയ പ്രത്യാഘാതങ്ങളുണ്ടായി. പാപ്പാ സ്ഥാനത്തിന്റെ ആത്മീയ ശക്തി കുറയുകയും ഭൗതികതയും അധികാരവും വർധിച്ചുവരികയും ചെയ്തതോടെ അനർഹരായ പലരും ഈ മോഹനപദവി ആഗ്രഹിച്ചുതുടങ്ങി. ചാർലിമെയിന്റെ കാലശേഷം റോമാസാമ്രാജ്യം പലതായി വിഭജിക്കപ്പെട്ടതോടെ ഫ്യൂഡലിസം രൂപം കൊണ്ടു. 9-10 നൂറ്റാണ്ടുകളിൽ ഫ്യൂഡലിസം സഭാസംവിധാനങ്ങളെ ശക്തമായി സ്വാധീനിച്ചതിന്റെ ഫലമായി സഭയിലേക്ക് വേഷവിധാനങ്ങളും പദവികളും സംബോധനാരീതി കളും കടന്നുവന്നു. രൂപതകൾക്കും സന്ന്യാസാശ്രമങ്ങൾക്കും സ്വന്ത മായ പരിവാരങ്ങളും സേനയുമെല്ലാം ഉണ്ടായിത്തുടങ്ങി. 904 മുതൽ 964 വരെ തിയോഫിലാക്ട് എന്ന കുടുംബത്തിന്റെ കൈയ്യിലായി രുന്നു പാപ്പാസ്ഥാനം നിലനിന്നത്.

13-ാം നൂറ്റാണ്ട് ഫ്യൂഡലിസത്തിന്റെ തകർച്ചയ്ക്ക് സാക്ഷ്യം വഹി ച്ചതോടെ സഭയ്ക്കുള്ളിൽത്തന്നെ നിരവധി നവീകരണപ്രസ്ഥാന ങ്ങൾ കടന്നുവന്നു. ക്ലൂണിയിലെ ആശ്രമത്തിന്റെതായ സംഭാവന കൾ ഈ രംഗത്ത് നിസ്തുലമായിരുന്നു. ഭിക്ഷു സന്ന്യാസികളുടെ (mendicant monks) സേവനം സഭയിൽ നവീകരണതരംഗം ശക്ത മാക്കുന്നതിന് സഹായിച്ചു. ഒപ്പം തന്നെ ഇവരുടെ നേതൃത്വത്തിൽ നടന്നുവന്ന ഇൻകിസിഷൻ സഭാചരിത്രത്തിലെ തീരാകളങ്കമായി അവശേഷിക്കുന്നു. പശ്ചിമയൂറോപ്പിൽ മാർപാപ്പ അനുഭവിച്ചുവന്ന അധികാരങ്ങളും ആധിപത്യവും കുരിശുയുദ്ധങ്ങൾക്ക് വഴി തെളി ച്ചു. രാജാക്കന്മാരും പ്രഭുക്കളും മാർപാപ്പമാരുടെ ആജ്ഞാനുവർത്തി കളായി മധ്യപൗരസ്ത്യ ദേശത്തെത്തുകയും പൗരസ്ത്യ പാത്രി യാർക്കീസുമാർക്ക് ബദലായി ലാറ്റിൻ പാത്രിയാർക്കേറ്റ് സ്ഥാപിച്ച് ഒരു ലത്തീൻ സാമ്രാജ്യം സ്ഥാപിക്കാൻ പരിശ്രമിക്കുകയും ചെയ്തു. പക്ഷേ മുഹമ്മദീയരുടെ ശക്തമായ തിരിച്ചടികൾ മൂലം സഭയ്ക്ക്

വിശുദ്ധസ്ഥലങ്ങളുടെ മേലുണ്ടായിരുന്ന നിയന്ത്രണം നഷ്ടപ്പെട്ടു. കാലം മറക്കാത്ത കൃത്യങ്ങളിലേക്ക് സഭ വലിച്ചിഴയ്ക്കപ്പെടുന്നതിനും ഇത് ഇടയാക്കി.

വിശുദ്ധരുടെ നാമകരണം, തിരുശേഷിപ്പുകളുടെ വിതരണം. ദണ്ഡവിമോചനങ്ങൾ, പ്രത്യേക ആനുകൂല്യങ്ങൾ, പദവികൾ, എന്നിവ കൊടുക്കൽ, 'ആദ് ലീമിന' സന്ദർശനങ്ങൾ, പാലിയം നൽകൽ തുടങ്ങിയവ ആരംഭിച്ചത് ഈ കാലയളവിലാണ്. ദൈവശാസ്ത്രപരമായ പാപ്പരത്തം ഈ കാലഘട്ടത്തിന്റെ മറ്റൊരു സവിശേഷതയായിരുന്നു.വി. ഗ്രന്ഥവും മറ്റു പാരമ്പര്യങ്ങളും അതിന്റെ തനിമയിലും അർത്ഥത്തിലും ഉൾക്കൊള്ളാതിരുന്നതുമൂലം ഇൻക്വിസിഷൻ വഴി ഒട്ടേറെ നിരപരാധികൾ വെന്തരിയുന്നതിനും ദ്വിഖഡ്ഗവാദം (Theory of two swords) പോലുള്ള സിദ്ധാന്തങ്ങളും 1302 ൽ ബോനിഫസ് എട്ടാമൻ മാർപാപ്പ ഫ്രാൻസിലെ ഫിലിപ്പ് രാജാവിനെതിരെ പ്രസിദ്ധപ്പെടുത്തിയ 'ഡിമാ ടമിരമോ' പോലുള്ള രേഖകളും ജന്മം കൊണ്ടു.

14-ാം നൂറ്റാണ്ടിൽ സഭ അതിന്റെ പ്രതിസന്ധി ഘട്ടത്തിന്റെ കൊടുമുടികളിലായിരുന്നു. ഒരേ സമയം മൂന്ന് മാർപാപ്പമാർ അധികാരത്തിൽ വരികയും സുരക്ഷയെ കരുതി റോമിൽ നിന്നും പാപ്പായുടെ ആസ്ഥാനം അവിഞ്ഞോണിലേക്ക് മാറ്റുകയും ചെയ്യേണ്ടിവന്നു. അധികാരവടംവലികളും സ്വജനപക്ഷപാതവും അരങ്ങുതകർത്ത 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് അഗസ്റ്റീനിയൻ സന്ന്യാസിയായിരുന്ന മാർട്ടിൻ ലൂഥർ തന്റെ നവീകരണാശയങ്ങളുമായി കടന്നുവന്നത്. പാശ്ചാത്യലോകത്തെ രണ്ടു ചേരികളായി തിരിക്കാനും സഭയ്ക്ക് വലിയ ആഘാതമേൽപ്പിക്കാനും മാർട്ടിൻ ലൂഥറിന്റെ പരിശ്രമങ്ങൾക്ക് കഴിഞ്ഞു. മാർട്ടിൻ ലൂഥറിന്റെ പ്രതിഷേധ സംഭവവികാസം പ്രൊട്ടസ്റ്റന്റ് വിപ്ലവം എന്നറിയപ്പെടുന്നു.

1545 സഭാചരിത്രത്തിലെ വളരെ പ്രാധാന്യമർഹിക്കുന്ന വർഷമാണ് പ്രൊട്ടസ്റ്റന്റ് വിപ്ലവമുയർത്തിയ വെല്ലുവിളികളും മറ്റു ആഭ്യന്തരപ്രശ്നങ്ങളും നേരിടുന്നതിനായിരുന്നു 1545 മുതൽ 1563വരെ ഉത്തര ഇറ്റലിയിലെ ട്രെന്റോ പട്ടണത്തിൽ വെച്ച് കൗൺസിൽ കൂടിയത്. സഭയുടെ കേന്ദ്രീകരണ സംവിധാനത്തിന് കൂടുതൽ ശക്തി പകരുന്നതിനും തന്മൂലം ദൈവജനത്തിന്റെ സഭയിലെ പങ്കാളിത്തം കുറയുന്നതിനുമാണ് ഈ കൗൺസിൽ വഴി തെളിച്ചത്. 1789 ആഗസ്റ്റ് 4ന് ഫ്രാൻസിലെ ചേർസയിൽ വച്ചു നടന്ന ദേശീയ അസംബ്ലി സഭാസമീപനങ്ങൾക്കെതിരെ പരസ്യമായ പ്രതിഷേധം പ്രഖ്യാപിച്ചു. 1789 ൽ നവംബറിൽ സഭയുടെ ഭൂസ്വത്തുകൾ ഗവൺമെന്റ് ദേശ





സാൽക്കരിച്ചു. 1848 ൽ വിപ്ലവകാരികൾ റോം പിടിച്ചടക്കി. 1870 ൽ വിക്ടർ ഇമ്മാനുവൽ റോമിനെ ഇറ്റലിയോട് സംയോജിപ്പിച്ചു. 1929 ലെ ലാറ്റിൻ സന്ധി അംഗീകരിച്ചുകൊണ്ട് മാർപാപ്പമാർ സ്വയം തടവുകാരെന്ന നിലയിൽ റോമിൽ താമസമുറപ്പിച്ചു തുടങ്ങി. 1929ൽ 108 ഏക്കർ മാത്രം വിസ്തീർണ്ണമുള്ള വത്തിക്കാൻ എന്ന ചെറിയ രാജ്യത്തെ ഇറ്റലി അംഗീകരിച്ചതോടെ സഭ ഭൗതികമായി സ്വതന്ത്രയായി.

**ഒന്നാം വത്തിക്കാൻ കൗൺസിൽ**

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പാശ്ചാത്യ ലോകത്ത് സഭയ്ക്കെതിരായ കടന്നാക്രമണങ്ങൾ ശക്തമായപ്പോൾ അതിനെ പ്രതിരോധിക്കുന്നതിനുവേണ്ടി 9-ാം പിയൂസ് മാർപാപ്പ ' തെറ്റുകളുടെ പട്ടിക' (Syllabus of Errors) പ്രസിദ്ധപ്പെടുത്തി. ഇതിലെ പല പ്രസ്താവനകളും തെറ്റിദ്ധാരണാജനകങ്ങളായിരുന്നതിനാൽ അവയെ കാലോചിതമായി വിശദീകരിക്കാനാണ് 1869 ഡിസംബർ 8 ന് കൗൺസിൽ ആരംഭിച്ചത്. മാർപാപ്പയുടെ പരമാധികാരം (Roman Primacy), മാർപാപ്പയുടെ അപ്രമാദിത്വം (Papal Infallibility) എന്നിവ ഔദ്യോഗികമായി വിശ്വാസ സത്യങ്ങളായി ഈ കൗൺസിലിൽ പ്രഖ്യാപിക്കപ്പെട്ടു. 1870 ജൂലൈ 19 നു ഫ്രാങ്കോ - പേർഷ്യൻ യുദ്ധം പൊട്ടിപ്പുറപ്പെട്ടതു മൂലം ഈ കൗൺസിൽ നിറുത്തിവയ്ക്കേണ്ടി വന്നു. സഭകളുടെ ആന്തരിക സ്വഭാവത്തെക്കാളുപരി ഭൗതിക അധികാര സീമകളെയും ഭരണസംവിധാനത്തെയും നിർവ്വചിക്കാനാണ് ഈ കൗൺസിൽ കൂടുതലായും പരിശ്രമിച്ചത്.

**രണ്ടാം വത്തിക്കാൻ കൗൺസിൽ**

കത്തോലിക്കാ സഭയുടെ 21-ാം സാർവ്വത്രിക സൂനഹദോസായിരുന്ന 1962 ഒക്ടോബർ 11 മുതൽ 1965 ഡിസംബർ 8 വരെയാണ് സൂനഹദോസ് നടന്നത്. ആധുനിക ലോകത്തിന്റെ വെല്ലുവിളികളെ നേരിടാൻ സഭയെ സജ്ജമാകുക എന്നതായിരുന്നുകൗൺസിലിന്റെ ലക്ഷ്യം.

**പൊതു സവിശേഷതകൾ**

സഭാ നവീകരണം, ആധുനീകരണം, പുനരൈക്യപ്രസ്ഥാനം തുടങ്ങിയ ഏതാനും അടിയന്തിരലക്ഷ്യങ്ങൾ നേടുന്നതിനായാണ് കൗൺസിൽ ആരംഭിച്ചത് 'ജനതകൾക്ക് പ്രകാശം' (lumen gentium) എന്നീ വാക്കുകൾക്കൊണ്ടാണ് തിരുസ്സഭയേക്കുറിച്ചുള്ള പ്രമാണരേഖ ആരംഭിക്കുന്നത്. പൗരസ്ത്യസഭകൾ, മെത്രാൻമാർ, സന്ന്യാ

സികൾ, വൈദികർ, ആത്മായർ, വൈദിക വിദ്യാർത്ഥികൾ എന്നിവരെക്കുറിച്ച് പ്രതിപാദിക്കുന്ന പ്രമാണരേഖകൾ തിരുസഭയുടെ ഘടകങ്ങളെ വിശകലനം ചെയ്യുന്നു. ലിറ്റർജി, വിദ്യാഭ്യാസം, മിഷൻ പ്രവർത്തനം, സാമൂഹ്യമാധ്യമങ്ങൾ, തുടങ്ങിയ രേഖകൾ സഭയുടെ ദൗത്യത്തെയാണ് പുന:പരിശോധിക്കുന്നത്. എക്യുമെനിസം, അക്രൈസ്തവമതങ്ങൾ, സഭ ആധുനികലോകത്തിൽ എന്നിവയാകട്ടെ ബാഹ്യലോകവുമായുള്ള സഭയുടെ ബന്ധത്തെ പരിശോധിക്കുന്നു ഇവയിൽ സഭയെ സംബന്ധിക്കുന്ന 'ജനതകൾക്ക് പ്രകാശം' എന്ന പ്രമാണ രേഖയുടെ പ്രധാന സവിശേഷതകളെ ഇങ്ങനെ സംഗ്രഹിക്കാം.

**1. അജപാലനപരം**

സഭയെക്കുറിച്ചുള്ള നിയതമായ നിർവ്വചനങ്ങൾ ഒഴിവാക്കിക്കൊണ്ടാണ് കൗൺസിൽ പിതാക്കന്മാർ ഈ പ്രമാണരേഖയ്ക്ക് രൂപം നൽകിയത്. പഴയകാല സാർവ്വത്രിക സൂനഹദോസുകളുടെ പ്രധാനദൗത്യം നിർവ്വചനം കണ്ടെത്തലും പാഷണ്ഡതകളെ തള്ളലുമായിരുന്നു. അജപാലനൗത്സുകൃത്തോടെ പ്രബോധനവും മാർഗ്ഗദർശനവും നൽകാനാണല്ലോ രണ്ടാം വത്തിക്കാൻ കൗൺസിൽ സമ്മേളിച്ചത്. തീർത്തും അജപാലനസംബന്ധിയായ രീതിയിലാണ് ഈ പ്രമാണരേഖ തിരുസഭയെക്കുറിച്ച് ചിന്തിക്കുന്നത്.

**2. ആത്മീയ ഐക്യം**

സഭാഭരണസംവിധാനത്തിനു കൊടുത്തിരുന്ന പഴയ ഊന്നലിനുപകരം തിരുസഭയിൽ ഉണ്ടായിരിക്കേണ്ട ആത്മീയഐക്യത്തെ (Spiritual communion) ഈ കൗൺസിൽ ഉയർത്തിപ്പിടിച്ചു. സഭ വെറുമൊരു സംഘടനയോ സംവിധാനമോ അല്ല. മറിച്ച് ഒരേ ആത്മാവിനെ സ്വീകരിച്ചവരുടെ കൂട്ടായ്മയാണ്. വ്യക്തികളിൽ വ്യത്യസ്ത രീതികളിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതിനാൽ സഭയിലെ വ്യത്യസ്ത ശുശ്രൂഷകരെ ഒരേ മനോഭാവത്തോടെ കണ്ട് പരസ്പരം വളർത്തി ആത്മീയ ഐക്യം സ്വന്തമാക്കാനാണ് കൗൺസിൽ ലക്ഷ്യമിടുന്നത്.

**3. പുനരൈക്യാഭിവാഞ്ഛ**

തിരുസഭയിൽ നിന്നു വേർപെട്ടുപോയ ഇതരസഭകളുടെ സഭാപരമായ യാഥാർത്ഥ്യം അംഗീകരിക്കാനും എടുത്തു പറയാനും ഈ പ്രമാണരേഖയിലൂടെ പിതാക്കന്മാർ തയ്യാറായി. ഒരേ രക്ഷകനിൽ നിന്നു സദ്വാർത്ത സ്വീകരിച്ചവരാണ് എല്ലാസഭകളെന്നും, സഭ





കൾക്കുള്ള പൊതുവായ ഘടകങ്ങളെ കണ്ടെത്തി. ഐക്യത്തിന്റെ പാതകളാക്കി മാറ്റാമെന്നും കൗൺസിൽ ചിന്തിക്കുന്നുണ്ട്. പൂർണ്ണമായുള്ള ഐക്യത്തിനായുള്ള ദാഹത്തോടെ പ്രവർത്തിക്കാൻ തിരുസഭ ഈ പ്രമാണരേഖയിലൂടെ പ്രതിജ്ഞാബദ്ധയാവുകയാണ്.

**4. സന്യസ്തദൈവവിളിയുടെ സ്ഥാനം**

വ്രതങ്ങൾ സ്വീകരിച്ചുകൊണ്ട് സ്വന്തമാക്കുന്ന സന്ന്യസ്തദൈവവിളിക്ക് സവിശേഷമായൊരു സ്ഥാനം കൊടുക്കുന്ന പ്രവണത സഭയിൽ നിലനിന്നിരുന്നു. സന്ന്യാസം ഒരു പ്രത്യേക ദൈവവിളിയാണെന്നിരിക്കിലും ക്രിസ്ത്യാനിയായിരിക്കുക എന്നതാണ് അടിസ്ഥാനപരമായ ദൈവവിളിയെന്ന് കൗൺസിൽ പഠിപ്പിച്ചു. സഭ വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക ആഹ്വാനമാണ്. അതിലുള്ള ശുശ്രൂഷകളും തിരഞ്ഞെടുപ്പുകൾക്കും ഇടയിൽ ഉച്ചനീചത്വങ്ങളില്ല.

**5. യുഗാന്ത്യ വീക്ഷണം**

സഭയുടെ യഥാർത്ഥ സ്വഭാവം തീർത്ഥാടകയുടേതാണ്. ഭൂമിയിൽ അവൾ ഒന്നും ലക്ഷ്യം വയ്ക്കുന്നില്ല. ഭൂമിയിലെ സഭ അവളിൽത്തന്നെ ഒരു ലക്ഷ്യവുമല്ല. മിശിഹായുടെ രണ്ടാമത്തെ ആഗമനത്തിൽ അവിടുത്തെ സ്വീകരിക്കാൻ ദൈവജനത്തെ ഒരുക്കുകയെന്നതാണ് സഭയുടെ ദൗത്യം. ഈ നിർവ്വഹണം സഭയുടെ യുഗാന്ത്യവീക്ഷണത്തെ വ്യക്തമാക്കുന്നു.

**6. ആദിമസഭയുടെ മാതൃക**

ദൈവാവിഷ്കരണത്തിന്റെ ഉറവിടങ്ങളായ പരിശുദ്ധഗ്രന്ഥത്തിനും വിശുദ്ധ പാരമ്പര്യങ്ങൾക്കും തുല്യ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു നിലപാടാണ് കൗൺസിൽ സ്വീകരിച്ചത്. ആദിമസഭയുടെ മാതൃക സ്വന്തമാക്കിക്കൊണ്ട് തിരുവചനത്തിലധിഷ്ഠിതവും വിശുദ്ധപാരമ്പര്യങ്ങളോട് കൂറുപുലർത്തുന്നതുമായ ജീവിതശൈലി സ്വന്തമാക്കാനുള്ള സഭയുടെ പരിശ്രമമാണ് ഈ പ്രമാണരേഖയിൽ നിഴലിക്കുന്നത്.

**സഭകൾ രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളിൽ**

സഭയെ സൂചിപ്പിക്കാൻ വ്യത്യസ്ത പദങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിൽ ഉപയോഗിക്കുന്നുണ്ട്. അവ താഴെ കൊടുക്കുന്നു.

**1. സാർവ്വത്രികസഭ:** എല്ലാസഭകളെയും ഉൾക്കൊള്ളുന്ന സംജ്ഞയാണിത്. തിരുസഭ എന്ന പദം വിവക്ഷിക്കുന്നതും ഇതേ അർത്ഥം തന്നെ. കത്തോലിക്കാവിശ്വാസം സ്വീകരിച്ചിട്ടുള്ള എല്ലാ സഭക

ളെയും ഉൾകൊള്ളുന്നതാണ് സാർവ്വത്രിക സഭ. ലോകമെമ്പാടുമുള്ള വിവിധ സഭകളുടെ കൂട്ടായ്മയാണിത്.

**2. കത്തോലിക്കസഭ:** കാത്തലിക് (Catholic) എന്ന പദത്തിന്റെ മൂലാർത്ഥം 'എല്ലാവർക്കും കടന്നുവരാവുന്നത്' (Open to the whole) എന്നാണ്. ദൈവം മനുഷ്യനായത് എല്ലാ ജനപദങ്ങളെയും സത്യദൈവവിശ്വാസത്തിലും സ്നേഹത്തിലും സാഹോദര്യത്തിലും ഐക്യത്തിലും ദൈവജനമാക്കി രൂപാന്തരപ്പെടുത്താനാണ്. വർഗ്ഗ-വർണ്ണ-ഭേദമന്യേ എല്ലാവരും ഈ കൂട്ടായ്മയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഈ പദം അർത്ഥം വയ്ക്കുന്നത്. എക്യുമെനിക്കൽ കൗൺസിലാണ് ഈ വിശേഷണം തിരുസഭയ്ക്കു നൽകിയത്. മാർപാപ്പായുടെ നേതൃത്വം അംഗീകരിച്ച് സഭൈക്യത്തിൽ കഴിയുന്നവർ 'കത്തോലിക്കർ' എന്നറിയപ്പെടുന്നുണ്ടെങ്കിലും ഇതര സഭകൾ 'റോമൻ കത്തോലിക്കർ' എന്നാണ് ഈ സഭയെ വിശേഷിപ്പിക്കുന്നത്.

**3. പ്രത്യേകസഭ (Particular Church)**

സാർവ്വത്രിക സഭയെക്കുറിച്ചുള്ള പ്രതിപാദനത്തിൽ വ്യത്യസ്ത സഭകളെ സൂചിപ്പിക്കാനും രൂപതകളെക്കുറിച്ച് പ്രതിപാദിക്കുവാനുമാണ് ഈ സംജ്ഞ ഉപയോഗിക്കുന്നത്. മാതൃ സഭയോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക സഭകളെ വീക്ഷിക്കുന്നതിന്റെ ഫലമായിട്ടാണ് ഈ പേരുണ്ടായത്.

**4. പ്രാദേശിക സഭ (Local Church)**

സ്ഥലവുമായി ബന്ധപ്പെടുത്തി പ്രാദേശിക സഭ എന്നപേരിലും സഭ അറിയപ്പെടുന്നുണ്ട്. ഇടവക, ഗ്രാമം, രാജ്യം, ഭൂഖണ്ഡം, എന്നിങ്ങനെ പലതരത്തിലും സഭകൾ സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ടാണ് അറിയപ്പെടുന്നത്. കേരളസഭ, ഏഷ്യൻ സഭ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

**5. വ്യക്തി സഭ (Individual Church)**

തനതായ വ്യക്തിത്വമുള്ള സഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ. ആരാധനാക്രമം, ശിക്ഷണക്രമം, ആദ്ധ്യാത്മികത, ഭരണക്രമം, ദൈവശാസ്ത്രം തുടങ്ങിയവ ഓരോ സഭയ്ക്കും വ്യത്യസ്തത പകരുന്നു. എങ്കിലും വിശ്വാസം, കൂദാശകൾ, ഹയരാർക്കി എന്നീ കാര്യങ്ങളിൽ സാർവ്വത്രിക സഭയോട് ഐക്യവും ഉണ്ടായിരിക്കും. ഓരോ സഭയുടെയും വ്യക്തിത്വത്തിന് ഊന്നൽ കൊടുക്കുന്നതും അതേസമയം കത്തോലിക്കാസഭയോടുള്ള ഐക്യത്തിന്





ഒട്ടും മങ്ങലേല്പിക്കാത്തതുമായ ഒരു കാഴ്ചപ്പാടാണിത്.

**6. സഹോദരി സഭകൾ** (Sister Churches)

സഭകളുടെ തുല്യത വിളംബരം ചെയ്യുന്ന ഒരു അഭിധാനമാണിത്. ശ്ലൈഹികപാരമ്പര്യത്തിൽ നിന്നാണ് സഭകൾ രൂപം കൊള്ളുന്നത്. ഈ ശ്ലൈഹികത സഭകളെ സഹോദരികളാക്കുന്നു. വ്യക്തിസഭ എന്ന സംബോധന സഭകളുടെ പൈതൃകത്തിനും തനിമയ്ക്കും ഊന്നൽ കൊടുക്കുമ്പോൾ സഭകൾ തമ്മിലുള്ള പരസ്പര ബന്ധത്തിനും തുല്യതയ്ക്കും സഹോദരസഭകൾ എന്ന വിശേഷണം പ്രാധാന്യം നല്കുന്നു. എക്യുമെനിസത്തെക്കുറിച്ചുള്ള ഡിക്രിയിൽ 14-ാം നമ്പറിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പൗരസ്ത്യ സഭകളെ സഹോദരി സഭകൾ എന്നാണു വിളിക്കുന്നത്.

# 12
# സഭയും സിനഡാത്മകതയും

## ആമുഖം

സഹസ്രാബ്ദത്തിലെ സഭയിൽനിന്നും ദൈവം പ്രതീക്ഷിക്കുന്നത് നിശ്ചയമായും സിനഡാത്മകതയുടെ പാതയാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഫ്രാൻസിസ് പാപ്പ ആഗോള സിനഡ് വിളിച്ചുകൂട്ടിയത്. ഒരുമിച്ച് ഒരേ പാതയിൽ സഞ്ചരിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനം ആഗോള സഭ സ്വീകരിച്ചു കഴിഞ്ഞു. ഒരു നവീകരണത്തിന്റെ വസന്തം വത്തിക്കാൻ കൗൺസിലിനു ശേഷം ദൈവജനം കാത്തിരിക്കുന്നു. അറിവും സമ്പത്തും വിശ്വാസവും പരസ്പരം പങ്കുവെച്ചും, പരസ്പരം തിരുത്തിയും പ്രോത്സാഹിപ്പിച്ചും വ്യത്യസ്തതകൾക്ക് സ്പർശിക്കാൻ ആവാത്ത ഒരു ആത്മീയ ഐക്യത്തിൽ ക്രിസ്തുവെന്ന ഏക വഴിയിലൂടെ ദൈവത്തിലേക്കും പാവപ്പെട്ടവരിലേക്കും ഒരുമിച്ച് നടന്ന ആദിമ ക്രൈസ്തവരുടെ ജീവിതരീതിയെയാണ് സിനഡ് എന്നതു കൊണ്ട് വിശുദ്ധ പാരമ്പര്യം മനസ്സിലാക്കുന്നത് സിനഡാത്മക സഭയെകുറിച്ചുള്ള പരിശുദ്ധ പിതാവിന്റെ വീക്ഷണ ങ്ങളെയും സിനഡാത്മക യാത്രയെയും വത്തിക്കാൻ കൗൺ സിലിന്റെ വെളിച്ചത്തിൽ ഒരു ആനുകാലിക വായന നടത്തുകയാണ് ഇവിടെ.

## 1. സിനഡാത്മകത പൊതു വീക്ഷണത്തിൽ

സിനഡ് എന്നാൽ സഭ മുഴുവന്റെയും ഒരുമിച്ചുള്ള യാത്ര എന്ന വിശാലമായ അർത്ഥവും യാഥാർത്ഥ്യവും, കാലക്രമേണ സഭയിലെ മെത്രാന്മാരുടെ മാത്രം പ്രാദേശിക സമ്മേളനം എന്ന മട്ടിലേക്ക് ചുരുങ്ങി.എന്നാൽ വത്തിക്കാൻ കൗൺസിൽ ഒരു ആഗോള സിനഡിന്റെ അനിവാര്യത തിരിച്ചറിഞ്ഞു. ഇങ്ങനെ സ്ഥാപിതമായ മെത്രാൻ സിനഡിന്റെ പതിനാറാമത്തെ സമ്മേളന മാണ് 2023 ഒക്ടോബറിൽ റോമിൽ നടക്കാൻ പോകുന്നത്. ഒരുമിച്ച് ഒരേ പാതയിലുള്ള സഭയുടെ സഞ്ചാരത്തിന് അതിൻറെ നവീനത വീണ്ടെടുക്കുകയാണ് സഭയുടെ സ്വപ്നം.





## സിനഡ്-അർത്ഥവും പദോല്പത്തിയും

സിനഡ് എന്ന ആംഗലേയപദം സൂനഹദോസ് എന്നാണ് മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നത്. യഥാർത്ഥത്തിൽ സ്യൂൻ ഹോദോസ് എന്ന ഗ്രീക്ക് പ്രയോഗം ലഭിച്ചതാണ് സിനഡ്. സ്യൂൻ എന്നാൽ കൂടെ, ഒപ്പം, ഒരുമിച്ച് എന്നും ഹോദോസ് എന്നാൽ മാർഗ്ഗം അഥവാ വഴി എന്നുമാണ് അർത്ഥം.മാർഗമായ ഈശോയോടൊപ്പം ജീവിക്കുക, അവിടുന്നിൽ വിശ്വസിക്കുക എന്നതാണ് ക്രൈസ്തവ അസ്തിത്വം. സ്യൂൻ ഹോദോസ് എന്ന ഗ്രീക്ക് പ്രയോഗം സൂനഹ ദോസ് എന്ന മലയാളത്തിലേക്ക് പരിഭാഷപ്പെടുമ്പോൾ, മാർഗ്ഗത്തോടൊപ്പം, വഴിയിൽ ഒന്നിച്ച്, എന്നൊക്കെയാണ് ഇതിന്റെയർത്ഥം. തിരുസഭയിൽ അംഗമാകുക എന്നതിന്റെ അർത്ഥം തന്നെ സൂനഹദോസ്-മാർഗമായി മിശിഹായുടെ ഒപ്പം ആയിരിക്കുക-എന്നാണ്. ഈശോയിൽ വിശ്വസിക്കുന്ന, മിശിഹായെ അനുഗമിക്കുന്നവരുടെ സമൂഹമായ തിരുസഭ ആദ്യകാലം മുതൽക്കേ അറിയപ്പെട്ടിരുന്നത് മാർഗത്തിൽ ചരിക്കുന്നവർ എന്നാണ് (അപ്പ.9:12). എ.ഡി 64 ൽ അന്ത്യോക്യയിൽ വച്ചാണ് ക്രിസ്ത്യാനികൾ എന്ന് ക്രിസ്തു വിശ്വാസികൾ വിളിക്കപ്പെട്ടു തുടങ്ങിയത്(അപ്പ. 9:12). മാമോദിസയിലൂടെ ജീവനിലേക്കുള്ള മാർഗ്ഗമായ ഈശോയിൽ ചേർക്കപ്പെടുന്ന വിശ്വാസികൾ തുടർന്നുള്ള അവരുടെ ജീവിതം അവിടത്തോടൊത്താണ് നയിക്കുന്നത്. ആ ജീവിതം സൂനഹദോസ് ജീവിതമാണ്. മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ നിന്ന് ദൈവം എന്താണോ ആഗ്രഹിക്കുന്നത് എന്നത് പദത്തിൽ തന്നെ മറഞ്ഞിരിക്കുന്നു എന്ന് ഫ്രാൻസിസ് പാപ്പ ഓർമിപ്പിക്കുന്നു.

## സഭയും സിനഡാത്മകതയും

സിനഡാത്മകത ഒന്നിച്ചു യാത്ര ചെയ്യുന്നതിന്റെ, പരസ്പരമുള്ള ശ്രവിക്കലിന്റെ പദാവിഷ്കാരമാണ്. ഇവിടെ വിശ്വാസികൾക്കും മെത്രാന്മാർക്കും മാർപാപ്പായ്ക്കും തങ്ങളുടേതായ ചില കാര്യങ്ങൾ പഠിപ്പിക്കുവാൻ ഉണ്ടാകും. ഇവയിലൂടെയെല്ലാം നാം പരിശുദ്ധാത്മാവിനെ ശ്രമിക്കുകയാണ്. അതുവഴി പരിശുദ്ധാത്മാവ് സഭയോട് എന്താണ് പറയുന്നതെന്ന് നമ്മൾ അറിയണം (യോഹ.17:9,വെളി.2:7). സിനഡാത്മകത എന്നത് സഭയുടെ പരമ്പരാഗതവും പുരാതനവും ധന്യവുമായ ഒരു പദമാണ്. വഴിയും സത്യവുമായി ഈശോയെ ആവിഷ്കരിക്കുന്നതാണ്. സഭാപരമായ യോഗങ്ങളുടെ ആചരണത്തിനും മെത്രാന്മാരുടെ അസംബ്ലിക്കും ഉപരിയാണ്. സഭയുടെ ഉള്ളിലെ ഭരണത്തിന്റെ രൂപമല്ല, ദൈവജനമായ സഭയുടെ പ്രത്യേക ജീവിതരീതിയും പ്രവർത്തന ശൈലിയും ആണത്. സിനഡാത്മകതയിൽ ദൈവം നമ്മോട് എന്താണ് സംസാരിക്കുന്നതെന്ന് മനസ്സി

ലാക്കാനും അതോടൊപ്പം സഭ പുതുമയോടെ ഇരിക്കുവാനുമുള്ള വഴിയാണത്.

**സിനഡാത്മക സഭയുടെ നിർണായക തൂണുകൾ**

കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതപ്രവർത്തനം ഇവയാണ് സിനഡാത്മക സഭയുടെ 3 തൂണുകളായി ഫ്രാൻസിസ് പാപ്പാ ചൂണ്ടിക്കാണിക്കുന്നത്. കൂട്ടായ്മ എന്നാൽ ഒരേ വിശ്വാസമുള്ള വ്യത്യസ്തമായ ജനങ്ങളെ കൃപാപൂർണ്ണമായ ഇച്ഛയാൽ ദൈവം ഒരുമിച്ചു കൂട്ടുന്നു. കൂട്ടായ്മയുടെ ആഴമായ വേര് പരിശുദ്ധത്രിത്വത്തിൽ നാം കാണുന്നു. പങ്കാളിത്തത്തിലൂടെ നാം മറ്റുള്ളവരെ ശ്രവിക്കാനുള്ള ക്ഷണമാണ് ത്രിത്വം നമുക്കു നൽകുന്നത്. ആ ശ്രവണം നാം ഒരുമിച്ച് പരിശുദ്ധാത്മാവിന് കാതോർക്കാനുള്ള ഇടമൊരുക്കുകയും മൂന്നാം സഹസ്രാബ്ദത്തിൽ സഭയ്ക്കുള്ള നമ്മുടെ താൽപര്യങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു. ശ്രവണത്തിൽ പരസ്പരം ബഹുമാനവും ബന്ധവും കരുണയും വേണ്ടിയിരിക്കുന്നു. പ്രവർത്തനത്തിലൂടെ സഭ സുവിശേഷ വൽക്കരണത്തിനു വേണ്ടിയാണ് നിലകൊള്ളുന്നത്. നമുക്കു വേണ്ടി നമുക്ക് നിലനിൽക്കാൻ ആവില്ല. മനുഷ്യരുടെയിടയിൽ സ്നേഹത്തിന് സാക്ഷ്യം വഹിക്കുകയാണ് നമ്മുടെ ദൗത്യം. അതോടൊപ്പം ദൈവത്തിൽനിന്ന അകന്നു പോയവരെയും സമൂഹം തിരസ്കരിച്ചവരെയും പ്രത്യേകം സ്നേഹിച്ച് രക്ഷയിലേക്ക് നയിക്കുകയും അങ്ങനെ മറ്റുള്ളവരെ കൂടി ഉൾക്കൊള്ളിച്ച്, അവരെയും സഹയാത്രികരാക്കി മാറ്റുകയും ചെയ്യുന്നു. ഇതാണ് ഒരുമിച്ചുള്ള യാത്ര.

**സിനഡാത്മക യാത്ര വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ.**

വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ സഭയെ ഒരു പുനർവായന നടത്തുമ്പോൾ സഭയുടെ സിനഡാത്മക യാത്രയിലെ ആദ്യ സഹസ്രാബ്ദത്തെക്കൂടി അറിയുകയും ഇവിടെ പരാമർശിക്കുകയും ചെയ്യുക ഉചിതമാണെന്ന് തോന്നുന്നു.

**സിനഡാത്മകസഭ ഒന്നാം സഹസ്രാബ്ദത്തിൽ**

ആദിമസഭയിൽ ഒരുമിച്ചുള്ള യാത്രയ്ക്ക് വളരെ പ്രാധാന്യം നൽകിയിരുന്നു. ശ്രേണി വ്യത്യാസങ്ങളില്ലാതെ മാമ്മോദീസ സ്വീകരിച്ച വിശ്വാസിസമൂഹം എന്ന നിലയിലായിരുന്നു സഭ മുന്നോട്ടു പോയിരുന്നത്. കൂട്ടായ്മയിലുള്ള പങ്കാളിത്തം മികച്ച രീതിയിലും വർദ്ധമാനവും ആയിരുന്നു. അവർ കൂടുതൽ ആനുകൂല്യങ്ങളും അവകാശങ്ങളും സ്വന്തമാക്കിയിരുന്നു. പ്രത്യേകിച്ച് സഭയുടെ പ്രബോധന അധികാരം അവരിൽ നിക്ഷിപ്തമായിരുന്നു. ക്രൈസ്തവവിശ്വാസത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ സംസാരിക്കുവാനും സംവദിക്കുവാനും വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ പഠിപ്പിക്കുന്നതിലും അല്മായർ ശ്രദ്ധിച്ചിരുന്നു ക്രൈസ്തവ വിശ്വാസ സത്യങ്ങളുടെയും വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളുടെയും തത്വചിന്തയുടെയും ദൈവശാസ്ത്ര പ്രബോധനങ്ങളുടെയും വെളിച്ചത്തിലാണ് അവർ പഠിപ്പിച്ചിരുന്നത്. ലോകത്തിനും മറ്റു മനുഷ്യർക്കും വേണ്ടിയുള്ള ശുശ്രൂഷ ആയിട്ടാണ് പ്രബോധനാധികാരത്തെ അവർ കണ്ടിരുന്നത്.

എന്നാൽ പൗരോഹിത്യം ദൈവദാനമാണെന്നും അതിന് സ്ഥിരതയും സ്ഥായിഭാവവും ഉണ്ടെന്നും ദൈവിക വെളിപാടിൽ രൂപം കൊണ്ടതാണെന്നും അല്മായർ അംഗീകരിച്ചിരുന്നു. മെത്രാന്മാരും വൈദികരും പഠിപ്പിക്കലിന്റെ ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്നു. സഭയെ ഭരിക്കുന്നതും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും മേൽപ്പട്ടക്കാരിൽ നിക്ഷിപ്തമായിരുന്നു.

**സിനഡാത്മക സഭ: രണ്ടാം സഹസ്രാബ്ദത്തിൽ വത്തിക്കാൻ കൗൺസിൽ വരെ**

ആദ്യ സഹസ്രാബ്ദത്തിൽ സഭ സിനഡാത്മകമായാണ് ജീവിച്ചതെങ്കിലും രണ്ടാം സഹസ്രാബ്ദത്തിൽ സഭ പിന്നാക്കം പോയി എന്ന് പറയാതിരിക്കാൻ വയ്യ. അധികാരവും ആധിപത്യവും ജനത്തിൽ നിന്നും മാറി ഭൂരിഭാഗവും ഹയരാർക്കിയുടെ പക്കലെത്തി. 1056 ൽ വന്ന കിഴക്ക് പടിഞ്ഞാറ് സഭകളുടെ വിഭജനം സഭയുടെ ഐക്യത്തിലും ഘടനയിലും മാറ്റങ്ങൾ സൃഷ്ടിച്ചു. സഭ പ്രാദേശിക സഭയെന്ന ആശയത്തിൽ നിന്നും മാറി സാർവ്വത്രിക സഭയെന്ന പൊതു ആശയത്തിലേക്ക് എത്തിച്ചേർന്നു. സഭയുടെ തലവൻ പോപ്പാണെന്ന് എല്ലാ അധികാരവും അദ്ദേഹത്തിൽ നിക്ഷിപ്തമാണെന്നുമുള്ള ചിന്ത വന്നു തുടങ്ങി. പ്രാദേശിക സഭകൾക്കും മെത്രാന്മാർക്കുമുള്ള പ്രാധാന്യം ഇല്ലാതായി. അതോടൊപ്പം കിഴക്കൻ സഭകൾ പൂർണമായും തഴയപ്പെട്ടു.

അല്മായർ ആദ്യകാലങ്ങളിൽ അനുവദിക്കപ്പെട്ടിരുന്ന എല്ലാ അവകാശങ്ങളിൽ നിന്ന് നീക്കം ചെയ്യപ്പെട്ടു. അവർക്കുണ്ടായിരുന്ന വിവേചന അധികാരം (സെൻ സസ് ഫിദേയി) തുടച്ചു നീക്കപ്പെട്ടു. ഈ അധികാരം പോപ്പിൽ മാത്രം നിക്ഷിപ്തമായി. കിഴക്കൻ സഭകൾക്ക് തങ്ങളുടെ കാനോ നിക സ്വത്വങ്ങളും ദർശനങ്ങളും വിലയില്ലാത്തതായി മാറി. സഭ വീണ്ടും ശ്രേണികൃതമായ ഘടനയിലേക്ക് മാറ്റപ്പെട്ടു. പുരോഹിത മേൽക്കോയ്മ സഭയിൽ ശക്തമായി. സിനഡ് എന്നത് മെത്രാന്മാരുടെ അഭിപ്രായങ്ങൾ മാത്രം കേൾക്കാനുള്ള വേദിയായി മാറി. മെത്രാ ന്മാരുടെ സിന

ഡിന്റെ പ്രാധാന്യം ഇല്ലാതായി. ഇപ്രകാരം രണ്ടാം സഹസ്രാബ്ദം യഥാർത്ഥത്തിൽ സഭയുടെ സിനഡാത്മകയാത്രയെ തടസ്സപ്പെടുത്തുകയും സഭയുടെ ഐക്യത്തെയും സ്വാതന്ത്ര്യത്തെയും തകർക്കുകയും ചെയ്തു. യഥാർത്ഥ വഴിയിൽനിന്നും സഭ വ്യതിചലിച്ചു തുടങ്ങിയതിന്റെ പ്രത്യക്ഷ ലക്ഷണങ്ങൾ കണ്ടു തുടങ്ങി.

തിരുസഭയിൽ ആന്തരികമായ ഒരു നവീ കരണവും അതിൽ നിന്നുദ്ഭൂതമാകുന്ന പുന:സംവിധാനങ്ങളും ആവശ്യമാണെന്നു ബോധ്യമായ സാഹചര്യത്തിൽ ലോകത്തിന്റെ നടുവിൽ പ്രതിഷ്ഠിക്കപ്പെട്ട രക്ഷാകര ചിഹ്നമായി തിരുസഭയെ പുനരവരോധിക്കാൻ, ചരിത്രത്തിന്റെ കേന്ദ്രമാക്കി അവളെ മാറ്റാൻ ഒരു യജ്ഞം നടന്നു, രണ്ടാം വത്തിക്കാൻ കൗൺസിലിൽ. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സംഘാടകൻ ഭാഗ്യസ്മരണാർഹനായ ജോൺ 23-ാമൻ മാർപാപ്പയായിരുന്നു.അപ്രതീക്ഷിതമായ വിരിഞ്ഞ പുഷ്പമാണ് അതെന്നും രണ്ടാം പന്തക്കുസ്തായെന്നും പിതാവ് ഈ കൗൺസിലിനെ വിശേഷിപ്പിച്ചു.

വത്തിക്കാൻ കൗൺസിൽ മുന്നോട്ടുവച്ച പ്രധാന ആശയങ്ങൾ: സഭയുടെ ദൈവശാസ്ത്രപരമായ മാനം വീണ്ടെടുക്കുക (ത്രിത്വാത്മകസ്വഭാവം), അല്മായരുടെ പങ്കാളിത്തം സഭയുടെ എല്ലാ തലങ്ങളിലും ഉറപ്പുവരുത്തുക, സെൻസൂസ് ഫാദേയി നിർവചിക്കുക, എപ്പിസ്കോപ്പിൽ കൊളീജിയാലിറ്റി, പ്രാദേശിക സഭയ്ക്ക് ഉണ്ടായിരുന്ന പ്രാധാന്യം എന്നിവ വീണ്ടെടുക്കുക എന്നിവയായിരുന്നു. സഭയെ അധുനാധുനീകരിക്കുക (അജ്ജോർണ്യ മെന്തോ) എന്ന കൗൺസിലിൽ ലക്ഷ്യത്തിന്റെ സർവ്വതോമുഖമായ സാക്ഷാത്കാരമാണ് കൗൺസിൽ പുറപ്പെടുവിച്ച 16 പ്രമാണരേഖകളും. ഇവ കൗൺസിലിന്റെ ആത്യന്തിക ലക്ഷ്യങ്ങളായ ആത്മബോധം, നവീകരണം, ഡയലോഗ് ഇവ അടിസ്ഥാനമാക്കിയിരിക്കുന്നു.

**സിനഡാത്മകസഭ: വത്തിക്കാൻ കൗൺസിലിനുശേഷം**

സഭ അനുവർത്തിച്ചു പോന്ന ആ നയം തന്നെ ഈ ഇരുപതാം നൂറ്റാണ്ടിലും നാം പിന്തുടരണം എന്ന ജോൺ 23-ാൻ മാർപ്പാപ്പയുടെ നിലപാട് സഭയിൽ വളരെയെറെ മാറ്റങ്ങൾക്കു കാരണമായി. അങ്ങനെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ ഒന്നാക്കപ്പെട്ട ഒരു ജനമായി സാർവത്രിക സഭ വിളങ്ങി പ്രകാശിക്കുന്നു. ചരിത്രത്തിലും ഉടമ്പടിയിലും പരിശുദ്ധാത്മാവിന്റെ ആഗമനത്താലും പ്രവർത്തനത്താലും സഭ രൂപം കൊള്ളുകയായിരുന്നു. അങ്ങനെ നിത്യതയിലേക്ക് അവൾ യാത്ര ചെയ്യുന്നു. അതിനാൽ ഒരുമിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹമാണ്





സഭ. അത് കുടുംബമാണ്. അതിനാൽ പരിസരത്തിന്റെ കൂട്ടായ്മയും ഐക്യവുമാണ് ഇവിടെ ദൃശ്യമാക്കേണ്ടത്. വ്യത്യസ്ത ദൗത്യങ്ങൾ ഉള്ളവർ ഒരേ പാതയിലൂടെ നയിക്കപ്പെടുന്നു. എല്ലാവരും തുല്യരാണെന്നു പറഞ്ഞുകൊണ്ട് സഭയുടെ ശ്രേണികൃതമായ ചട്ടക്കൂടിനെ കൗൺസിൽ പാടെ നീക്കം ചെയ്തു.

സഭ ദൈവജനമാണ്. ദൈവജനം ഒരു തീർത്ഥാടക സഭയാണ്. യാത്ര ചെയ്യുന്ന ഒരു സമൂഹം. ഈ യാത്രയിൽ എല്ലാവരും ഒരുമിച്ച് യാത്ര ചെയ്യുന്നു. മാമോദിസ സ്വീക രിച്ച എല്ലാവരും മിശിഹായുടെ പൊതു പൗരോഹിത്യത്തിൽ അംഗ മാണെന്നും തിരഞ്ഞെടുക്കപ്പെട്ട വൈദികർ സഭയെ സേവിക്കാ നുള്ളവരാണെന്നും കൗൺസിൽ പഠിപ്പിച്ചു.അൽമായർക്കുള്ള കടമകളെയും ഉത്തരവാദിത്വങ്ങളെയും സഭയുടെ പടുത്തുയർ ത്തലിന് അനിവാര്യമായി കണ്ട് സഭയുടെ എല്ലാ തലങ്ങളിലും അല്മായ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കൗൺസിൽ പ്രത്യേകം ശ്രദ്ധിച്ചു.

മെത്രാന്മാരുടെ സംഘാത്മക കൗൺസിലിന്റെ സുപ്രധാന നേട്ടമാണ് പാപ്പായും മെത്രാന്മാരും അജപാലന ദൗത്യത്തിലും ലോകത്തിലുള്ള ശുശ്രൂഷയിലും ഒരുമിച്ച് കൂട്ടുത്തരവാദിത്വത്തിലൂടെ നിൽക്കുന്നു എന്നത്. ഇത് പോപ്പിന്റെ പരമാധികാരത്തിന് വിരാമം ഇടുകയും പാപ്പായെ കൂടാതെ മെത്രാന്മാർക്ക് സംഘമായി പ്രവർത്തിക്കാൻ പാടില്ലാത്തതുപോലെ പാപ്പായ്ക്കും മെത്രാൻ സംഘത്തെ കൂടാതെ പഠിപ്പിക്കുകയോ ഭരിക്കുകയോ ചെയ്യാൻ പാടില്ല എന്നും കൗൺസിൽ നിർണയിച്ചു. പ്രാദേശിക സഭകളുടെ പ്രാധാന്യത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള കൗൺസിൽ പഠനങ്ങൾ ഇപ്രകാരമായിരുന്നു. വിവിധങ്ങളായ സ്ഥലകാല മാർഗങ്ങൾക്ക് അനുസൃതമായി ജീവിതത്തെ ക്രമവത്ക്കരിച്ചുകൊണ്ട് ഓരോ പ്രാദേശിക സഭയുടെയും പാരമ്പര്യങ്ങളെ അഭംഗമായും പൂർണമായും സംരക്ഷിക്കുക എന്നതാണ് തിരുസഭയുടെ ലക്ഷ്യം. പൗരസ്ത്യ സഭകൾക്ക് അവരുടെ ആരാധനാക്രമ പാരമ്പര്യങ്ങൾക്കും ആത്മീയതയ്ക്കും ഘടനയ്ക്കും നിയമസംഹിതയ്ക്കും അനുസൃതം മുന്നോട്ടുപോകാൻ സ്വാതന്ത്ര്യം നൽകി . അതോടൊപ്പം പ്രാദേശിക സഭകൾ ഇല്ലാതെ ആഗോളസഭയ്ക്ക് നിലനിൽപ്പില്ല എന്നും പ്രാദേശിക സഭകളാണ് ആഗോള സഭയെ രൂപപ്പെടുത്തുന്നതെന്നും കൗൺസിൽ പ്രസ്താവിച്ചു.

സഭയുടെ സിനഡാത്മക യാത്രയിലെ ഒരു നിർണായക വഴിത്തിരിവായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ. വത്തിക്കാൻ കൗൺസിലിന്റെ പഠിപ്പിക്കലിൽ സിനഡാലിറ്റി ഒരു പദമായോ ആശയമായോ വ്യക്തമായി കാണുന്നില്ലെങ്കിലും നവീകരണ പ്രവർത്തന

ത്തിന്റെ കാതൽ സിനഡാലിറ്റി ആണ് എന്ന് പറയുന്നത് ന്യായമാണ്. സഭാ കൂട്ടായ്മ,എപ്പിസ്കോപ്പൽ കൂട്ടായ്മ, എന്നിവയിൽ കൗൺസിൽ വിഭാവനം ചെയ്ത നവീകരണത്തിന്റെ ഫലങ്ങൾ സമ്പന്നമായിരുന്നെങ്കിലും കൗൺസിൽ വിഭാവനം ചെയ്ത ദിശയിൽ ഇനി ഒരുപാട് ദൂരം സഞ്ചരിക്കാനുണ്ട്. സഭ മൂന്നാം സഹസ്രാബ്ദത്തിൽ എത്തിനിൽക്കുമ്പോൾ ഈ വിശുദ്ധ പാരമ്പര്യങ്ങളിലേക്ക് തിരിച്ചു നടക്കാൻ ഒരു ആഗോള സിനഡിലൂടെ നമ്മെ ക്ഷണിക്കുകയാണ് നവയുഗ പ്രവാചകനായ ഫ്രാൻസിസ് മാർപാപ്പ.

**ഫ്രാൻസിസ് പാപ്പായും സിനഡാത്മകയാത്രയും**

പരിശുദ്ധ പിതാവിന്റെ സഭാത്മക വീക്ഷണം അനുസരിച്ച് പിരമിഡൽ മോഡലിൽ ദൈവ ജനത്തിനാണ് പ്രാധാന്യം നൽകി അതുവരെയുള്ള ഹയരാർക്കിയെ തിരുത്തി. വൈദികർ ഭരണാധികാരികൾ അല്ല സേവിക്കേണ്ടവരാണെന്നും ഇതാണ് ചർച്ചിന്റെ യഥാർത്ഥമുഖം എന്നും പാപ്പാ വ്യക്തമാക്കുന്നു. അതോടൊപ്പം ദൈവജനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ ഈ ദൈവശാസ്ത്രത്തിന്റെ യഥാർത്ഥ ഉറവിടം ദൈവജനവും അവരുടെ വിവേചനവും ആണെന്നും പാപ്പാ ചൂണ്ടിക്കാണിക്കുന്നു. ഇപ്പോഴുള്ള യാഥാർത്ഥ്യങ്ങളെ വിചിന്തനം ചെയ്ത്, പരിശുദ്ധാത്മാവിനെ ശ്രവിച്ച് പ്രായോഗിക പരിഹാരത്തിലെത്തിച്ചേരുന്നതാകണം സിനഡൽ സഭ. എല്ലാവരെയും ഉൾക്കൊള്ളുക എന്നത് പരിശുദ്ധ പിതാവിന്റെ ദൈവശാസ്ത്രത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. അതിർവരമ്പുകളിലേക്ക് എത്തിച്ചേരാൻ സഭാഗാത്രത്തെ പിതാവ് ആഹ്വാനം ചെയ്യുന്നു. പാപ്പായെ സംബന്ധിച്ചിടത്തോളം സിനഡാത്മകത ആരംഭിക്കുന്നത് പ്രാദേശിക സഭകളിൽ നിന്നും അവസാനിക്കുന്നത് ആഗോളസഭയിലും ആണ്. വത്തിക്കാൻ കൗൺസിലിന്റെ ഏറെക്കുറെ പ്രസ്താവനകളെയും പഠനങ്ങളെയും സിനഡാത്മക സഭയിൽ ഊർജ്ജസ്വലമാക്കുകയാണ് പാപ്പാ.

**നവീകരണ വിധേയമാക്കേണ്ട സഭ**

എക്ലേസിയ സെംപർ റിഫോർമാന്ത-രണ്ടാം വത്തിക്കാൻ കൗൺലിൽ ആദ്യന്തം മുഴങ്ങിയ പ്രവാചക ശബ്ദമാണിത്. സഭയുടെ നവീകരണവും സഭയുടെ ഐക്യവും അനുരഞ്ജനവും ആയിരുന്നു കൗൺസിൽ ലക്ഷ്യം. തീർത്ഥാടകയായ സഭ നവീകരണത്തിന് വിധേയമായെങ്കിൽ മാത്രമേ കൗൺസിലിന്റെ ലക്ഷ്യം പ്രാപിക്കൂ. സഭ വിശുദ്ധയാണ്. എന്നാൽ അംഗങ്ങൾ എല്ലാ തലങ്ങളിലും പാപികളാണ്. ദൈവവചനം, കൂദാശകൾ, ദൈവാരൂപിയുടെ സജീവ സാന്നിധ്യം എന്നിവയിൽ സഭ വിശുദ്ധയാണ്.എന്നാൽ മറ്റു പല കാര്യങ്ങളിലും പാടേ വ്യത്യസ്തം. വിശ്വാസവും ജീവിതവും തമ്മിലുള്ള പൊരുത്തപ്പെടലാണ് വെല്ലുവിളി. ഇതിൽ നിന്നും സഭയെ മോചിപ്പിച്ച് ഉറവിടത്തിലേക്ക് തിരിയുവാനും സ്വയം മാറുന്നതിനും മാറ്റുന്നതിനും പകരം സ്വാഭിഷ്ടമനുസരിച്ച് പരിശുദ്ധാരൂപിയെ മെരുക്കിയെടുക്കാനുമുള്ള പരിശ്രമമാണ് ഇപ്പോൾ നടക്കുന്നതെന്ന് പാപ്പാ പറയുന്നു.





**സിനഡാത്മകതയുടെ പ്രായോഗികവശങ്ങൾ**

ശ്രവണം, തുറന്നുപറച്ചിൽ, ആരാധനാക്രമത്തിലൂടെയുള്ള ആചരണം, പ്രേഷിത ദൗത്യത്തിനുള്ള കൂട്ടുത്തരവാദിത്വം, സഭയിലും സമൂഹത്തിലും നടക്കേണ്ട സംവാദം, അധികാരവും പങ്കാളിത്തവും വിവേചിച്ചറിയലും, തീരുമാനമെടുക്കലും ഇതര സ്വഭാവ സമൂഹങ്ങളുമായുള്ള സംവാദം എന്നിവയാണ്. ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ള എല്ലാവരുടെയും തുല്യ മാഹാത്മ്യം കണക്കിലെടുക്കുന്നു. കാനോനികമായ ഇപ്പോഴുള്ള ഘടനാപരമായ സ്ഥാപനങ്ങൾക്ക് (രൂപത, അജപാലന സമിതി, രൂപതാ സാമ്പത്തിക സമിതി, ഇടവക അജപാലന സമിതി) വർദ്ധിതമായ സ്ഥാനം നൽകാനും ശക്തി പകരാനും ഈ സിനഡ് ഊന്നൽ നൽകുന്നു. അതോടൊപ്പം മുറിവുണക്കലിന്റെ ഭാഗമായി സഭകളെ അലട്ടുന്ന ഗൗരവമേറിയ തെറ്റുകളെ അംഗീകരിക്കാനും പരിഹരിക്കാനുമുള്ള ക്ഷണം ഈ സിനഡാത്മക പ്രക്രിയയിൽ അന്തർലീനമാണ്.

**ഉപസംഹാരം**

സഭയുടെ ആരംഭം മുതൽ തുടർന്നുവരുന്ന ഒരു യാത്രയാണ് സിനഡാത്മകത. ആദ്യ സഹസ്രാബ്ദത്തിൽ ഒരുമിച്ച് ഒരേ പാതയിൽ സഞ്ചരിച്ച സഭ രണ്ടാം സഹസ്രാബ്ദത്തിൽ വഴിവിട്ടു പോയെങ്കിലും വത്തിക്കാൻ കൗൺസിൽ സഭയുടെ ഗതിയെ തന്നെ മാറ്റിമറിച്ചു. അൽഭുതാവഹമായ ചുവടുവെപ്പുകൾക്ക് പ്രചോദനമേകിയ ഈ സൂനഹദോസ് സഭയെ വീണ്ടും ഉണർത്തുകയും ഇന്ന് ആണ്. ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്ന ഒരുമിച്ചു നടക്കുക എന്നത് സഭയുടെ ഘടനാപരമായ മാർഗമാണ്.

സിനഡാത്മകസഭ അഥവാ സഹയാത്രികസഭ ലക്ഷ്യമാക്കി ആഗോളസഭ ഉണരുമ്പോൾ ഇത് മാമോദിസ സ്വീകരിച്ച സകലരുടെയും സഭയിൽ പങ്കാളികളായ എല്ലാ ദൈവമക്കളുടെയും ഒരുമിച്ചുള്ള യാത്രയാകണമെന്ന് പാപ്പാ ആഗ്രഹിക്കുന്നു. അതിനാൽ വരാൻ പോകുന്ന സിനഡഡ് ചരിത്ര സംഭവമായി മാറുമെന്നു മാത്രമല്ല കാലത്തിനനുസരിച്ചുള്ള ഒട്ടേറെ മാറ്റങ്ങൾക്ക് വഴി തുറക്കുകയും ചെയ്യും. സിനഡാത്മകതയുടെ ലക്ഷ്യം മറ്റൊരു സഭയല്ല, മറിച്ച്

